തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസിദ്ധീകരണം

കേരള സർക്കാർ

LSGD
തദ്ദേശ സ്വയംഭരണ വകുപ്പ്

തദ്ദേശകം

സെപ്റ്റംബർ 2026 പുസ്തകം 2 ലക്കം 9



ഇന്ദിര ഗ്യാരണ്ടി ക്യാന്റീൻ

വിശപ്പ് രഹിത കേരളത്തിലേക്ക്



കേരള സർക്കാർ

LSGD

അഴിമതി രഹിത തദ്ദേശ സ്ഥാപനങ്ങൾ

തദ്ദേശ സ്വയംഭരണ വകുപ്പ് എന്നും ജനങ്ങൾക്കൊപ്പം...

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ അഴിമതി / കൈക്കൂലി സംബന്ധിച്ച പരാതികൾ പൊതുജനങ്ങൾക്ക്

807 806 60 60

എന്ന വാട്സ്ആപ്പ് നമ്പറിൽ അറിയിക്കാം.

തദ്ദേശ സ്വയം ഭരണ വകുപ്പ്, കേരള സർക്കാർ

തദ്ദേശകം

തദ്ദേശ സ്വയംഭരണ വകുപ്പ്
കേരള സർക്കാർ

സെപ്റ്റംബർ 2026 പുസ്തകം 2 ലക്കം 9

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
കെ എം ഷാജി
തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി

കൺവീനർ
ഡോ. ദിവ്യ എസ്. അയ്യർ ഐ.എ.എസ്
പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ.വ.

അംഗങ്ങൾ
അപൂർവ്വ ത്രിപാഠി ഐ.എ.എസ്
ഡയറക്ടർ, എൽ.എസ്.ജി.ഡി (റൂറൽ)

സുഫിയൻ അഹമദ് ഐ.എ.എസ്
ഡയറക്ടർ, എൽ.എസ്.ജി.ഡി (അർബൻ)

എൻ ദേവിദാസ് ഐ.എ.എസ്
ഡയറക്ടർ, കില

രാജേഷ് ടി.എൻ.
ചീഫ് ടൗൺ പ്ലാനർ

സന്ദീപ്. കെ.ജി
ചീഫ് എൻജിനീയർ

എം.പി. അജിത്കുമാർ
അഡീഷണൽ ഡയറക്ടർ

അനിൽ അക്കര
പ്രസിഡന്റ്,
ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

കോട്ടയിൽ രാധാകൃഷ്ണൻ
പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത്
അസോസിയേഷൻ

ചെയർപേഴ്സൺ,
ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ചേംബർ

എം.പി. ജാക്സൺ
ചെയർമാൻ,
ചേംബർ ഓഫ് മുൻസിപ്പൽ ചെയർമാൻ

പ്രസിഡന്റ്,
മേയേർസ് കൗൺസിൽ

സെക്രട്ടറി,
പ്രസ് ക്ലബ്, തിരുവനന്തപുരം

എഡിറ്റർ
ദീപ. കെ.
ചീഫ് ഓഫീസർ,
കമ്മ്യൂണിക്കേഷൻ & പബ്ലിക് റിലേഷൻസ്

അസിസ്റ്റന്റ് എഡിറ്റർ
ദിനിൽ. ആർ
സ്റ്റേറ്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ,

കമ്മ്യൂണിക്കേഷൻ അസിസ്റ്റന്റ്
ആദർശ് പി. നായർ

സർക്കുലേഷൻ മാനേജർ
പ്രശാന്ത് ആർ.
അസിസ്റ്റന്റ് കമ്മ്യൂണിക്കേഷൻ ഓഫീസർ

കവർ & ലേ-ഔട്ട്
ദീപക് മൗത്താട്ടിൽ

ഓഫീസ്
എൽ.എസ്.ജി.ഡി. ഇൻഫർമേഷൻ ബ്യൂറോ
പ്രിൻസിപ്പൽ ഡയറക്ടറേറ്റ്
സ്വരാജ് ഭവൻ, നന്തൻകോട്
കവടിയാർ. പി.ഒ. തിരുവനന്തപുരം-03
ഫോൺ- 0471 2786332

ribkerala@gmail.com
lsgdpr2024@gmail.com

എഡിറ്റോറിയൽ

പുതിയ ചുവടുകൾ...

ജനങ്ങളുടെ വിശപ്പുശമിപ്പിക്കുക എന്നത് ഒരു ഭരണകൂടത്തിന്റെ ഏറ്റവും അടിസ്ഥാനപരമായ ചുമതലയാണ്. വിശപ്പുരഹിത കേരളമെന്ന വലിയ ലക്ഷ്യത്തിലേക്കുള്ള കാതലായ ചുവടുവയ്പ്പാണ് കൊച്ചി കോർപ്പറേഷനിൽ ആരംഭിച്ച 'ഇന്ദിരാ കാന്റീൻ'. അൻപത് രൂപയ്ക്ക് മൂന്നുനേരവും സമൃദ്ധമായി ഭക്ഷണം വിതരണം ചെയ്യുന്ന ഈ പദ്ധതി, ക്രമേണ കേരളമൊട്ടാകെ വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്ന കരുതലോടെയുള്ള ഒരു ഭരണസ്പർശമാണ്. ജനകീയമായ ഈ ഭക്ഷണവിതരണ മാതൃകയെ 'തദ്ദേശകം' ഈ ലക്കത്തിൽ വായനക്കാർക്കായി പരിചയപ്പെടുത്തുന്നു.

കേരളത്തിലെ പഞ്ചായത്തീരാജ് സംവിധാനം എന്നും രാജ്യത്തിനാകെ മാതൃകയായി നിലകൊണ്ട ഒന്നാണ്. നാം നാളിതുവരെ ആർജ്ജിച്ചെടുത്ത ഈ വികസന മാതൃകകൾ കൈമോശം വന്നുപോകാതെ സൂക്ഷിക്കേണ്ടതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങൾ സംരക്ഷിക്കേണ്ടതും കാലഘട്ടത്തിന്റെ ആവശ്യമാണ്. പഞ്ചായത്തുകളുടെ പൊതുവായ പ്രശ്നങ്ങൾ സർക്കാരിനു മുന്നിൽ അവതരിപ്പിച്ച് പരിഹാരം കാണുന്നതിലൂടെ പ്രദേശിക ഭരണസംവിധാനത്തെ കൂടുതൽ ശക്തിപ്പെടുത്താൻ കഴിയുമെന്ന് കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് അനിൽ അക്കര ഈ ലക്കത്തിലെ അഭിമുഖത്തിൽ വ്യക്തമാക്കുന്നുണ്ട്.

തദ്ദേശഭരണത്തിന്റെ യഥാർത്ഥ അടിസ്ഥാനശിലകൾ ഗ്രാമസഭകളാണ്. വിപുലമായ അധികാരങ്ങളുള്ള ഗ്രാമസഭകളിലൂടെ ജനങ്ങൾ നേരിട്ടാണ് തദ്ദേശഭരണം നിയന്ത്രിക്കേണ്ടത്. കേവലം വ്യക്തിഗത ആനുകൂല്യങ്ങൾ തീരുമാനിക്കുന്നതിൽ ഉപരിയായി, ഒരു പഞ്ചായത്തിന്റെ മുഴുവൻ വരവുചെലവ് കണക്കുകളും വിളിപ്പിച്ചു പരിശോധിക്കാനുള്ള ജനങ്ങളുടെ പരമാധികാര കേന്ദ്രങ്ങളാണ് ഗ്രാമസഭകൾ. അതിനാൽ തന്നെ ഗ്രാമസഭകൾ അവയുടെ ശക്തിയും വീര്യവും വീണ്ടെടുക്കേണ്ടതുണ്ട്. ഓരോ വികസനപദ്ധതിയും ജനങ്ങളുടെ ഈ സൂക്ഷ്മപരിശോധനയിലൂടെ കടന്നുപോകുന്നത് ജനാധിപത്യത്തെ കൂടുതൽ സുതാര്യമാക്കും.

ഇന്ന് നമ്മൾ കാണുന്ന പഞ്ചായത്തീരാജ് സംവിധാനം പെട്ടെന്നുണ്ടായ ഒന്നല്ല; അതിന് സുദീർഘമായ ഒരു ചരിത്രമുണ്ട്. വേദകാലഘട്ടത്തിൽ തുടങ്ങി കോളോണിയൽ കാലഘട്ടത്തിലൂടെ വികസിച്ച് സ്വതന്ത്ര ഭാരതത്തിലേക്ക് എത്തിയ ആ പരിണാമഘട്ടങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നത് തദ്ദേശഭരണത്തെ അടുത്തറിയാൻ നമ്മെ സഹായിക്കും.

വികേന്ദ്രീകൃത ആസൂത്രണം താഴെത്തട്ടിൽ ഉണ്ടാക്കുന്ന മാറ്റങ്ങൾക്ക് മികച്ച ഉദാഹരണമാണ് തിരുവനന്തപുരം നേമം ബ്ലോക്കിലെ പ്രധാനമന്ത്രി കൃഷി സിഞ്ചായീ യോജന (PMKSY). ശാസ്ത്രീയമായ മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങൾ ഒരു പ്രദേശത്തെ മനുഷ്യരുടെ ജീവിതത്തെ എത്രത്തോളം ഫലപ്രദമായി മാറ്റിമറിക്കുന്നു എന്ന് നേമം ബ്ലോക്കിലെ വികസനഗാഥ തെളിയിക്കുന്നു. സംസ്ഥാനത്തിനു തന്നെ മാതൃകയായ ഈ പദ്ധതിയുടെ വിശേഷങ്ങളും തദ്ദേശകത്തിന്റെ ഈ ലക്കം നിങ്ങളിലേക്ക് എത്തിക്കുന്നു

ദീപ കെ.
എഡിറ്റർ

ഉള്ളടക്കം

06
വികേന്ദ്രീകരണമാണ്
തദ്ദേശഭരണത്തിന്റെ ശക്തി.

10
ഗ്രാമസഭ
തദ്ദേശ സ്വയംഭരണത്തിന്റെ അടിസ്ഥാന ശില

14
ഇന്ദിര കാന്റീൻ

18
പുൽത്തകിടിയിലെ 'കായാമ്പൂ'വിൽ
കോഫിയുമൊരുക്കി കഞ്ഞിക്കുഴി
ബ്ലോക്ക് പഞ്ചായത്ത്.



തദ്ദേശകം മാസികയിൽ പ്രസിദ്ധീകരിക്കാനുള്ള ലേഖനങ്ങൾ, വികസനവാർത്തകൾ, റിപ്പോർട്ടുകൾ, കത്തുകൾ എന്നിവ ribkerala@gmail.com ൽ അയയ്ക്കുക

20
കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്

22
കയ്യോട് കൈ
മാലിന്യരഹിത പുതുയുഗ
കേരളത്തിനായി ഒന്നിക്കാം





24
പൈതൃകം പേറുന്ന കൽപ്പടവുകൾ...

27
പ്രാചീന, മധ്യകാല ഭാരതത്തിലെ
വികേന്ദ്രീകരണം

30
നാടിന്റെ പുനരുജ്ജീവന യാത്രക്ക്

40
ശ്രീ വിളയും ഗോശാല

വികേന്ദ്രീകരണമാണ് തദ്ദേശഭരണത്തിന്റെ ശക്തി.

കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ്
അനിൽ അക്കരയുമായി ആദർശ് പി നായർ നടത്തിയ അഭിമുഖം

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ പ്രവർത്തനങ്ങളും നേട്ടങ്ങളും എന്തൊക്കെയാണ്?

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളുടെ പൊതുവായ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും പഞ്ചായത്തീരാജ് സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിനുമാണ് കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രധാനമായും പ്രവർത്തിക്കുന്നത്.

എന്റെ കാഴ്ചപ്പാടിൽ, ഒരു അസോസിയേഷന്റെ വിജയം എത്ര യോഗങ്ങൾ നടത്തി എന്നതിലല്ല, പഞ്ചായത്തുകളുടെ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്ന് എത്രത്തോളം പരിഹാരം ഉണ്ടാക്കാൻ കഴിഞ്ഞു എന്നതിലാണ്.

ധനകാര്യ വിഷയങ്ങൾ, പദ്ധതികളുടെ നടത്തിപ്പ്, ജീവനക്കാരുടെ പ്രശ്നങ്ങൾ, അധികാരവികേന്ദ്രീകരണം, ദുരന്തനിവാരണം, തദ്ദേശ സ്ഥാപനങ്ങളുടെ ഭരണപരമായ തടസ്സങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ സർക്കാരുമായി നിരന്തരം ഇടപെടേണ്ടത് അനിവാര്യമാണ്.

ഇനി അസോസിയേഷൻ കൂടുതൽ ശക്തമായി പഞ്ചായത്തുകളുടെ കൂട്ടായ ശബ്ദമായി മാറണമെന്നാണ് എന്റെ അഭിപ്രായം.

2. ജനപ്രതിനിധികളുടെ പരിശീലന പരിപാടികളിൽ അസോസിയേഷന്റെ ഇടപെടൽ എത്രത്തോളമുണ്ട്?

ജനപ്രതിനിധികൾക്ക് പരിശീലനം നൽകുന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കാരണം ഒരു പഞ്ചായത്ത് അംഗം ജനങ്ങളുടെ പ്രതിനിധി മാത്രമല്ല, പഞ്ചായത്തിന്റെ ഭരണസംവിധാനത്തിന്റെ ഭാഗം കൂടിയാണ്.

നിയമങ്ങളും ചട്ടങ്ങളും മനസ്സിലാക്കുന്നതിനൊപ്പം പദ്ധതി തയ്യാറാക്കൽ, ധനകാര്യ മാനേജ്മെന്റ്, സാമൂഹ്യനീതി, മാലിന്യസംസ്കരണം, കൃഷി, ദുരന്തനിവാരണം തുടങ്ങിയ പ്രായോഗിക വിഷയങ്ങളിലും പരിശീലനം വേണം.



അസോസിയേഷന് സർക്കാർ സംവിധാനങ്ങളുമായി ചേർന്ന് ഇത്തരം പരിശീലനങ്ങൾ കൂടുതൽ പ്രായോഗികവും ജനകീയവുമാക്കാൻ വലിയ സാധ്യതയുണ്ട്.

3. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ പ്രവർത്തനരീതി എങ്ങനെയാണ്? ജില്ലാതലത്തിൽ സംവിധാനമുണ്ടോ?

അസോസിയേഷന്റെ ഏറ്റവും വലിയ ശക്തി അതിന്റെ പഞ്ചായത്ത് തലത്തിലുള്ള ബന്ധമാണ്.

ഒരു ഗ്രാമപഞ്ചായത്തിൽ ഉണ്ടാകുന്ന പ്രശ്നം ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും എത്തിക്കുകയും, സമാനമായ പ്രശ്നങ്ങൾ എല്ലാ പഞ്ചായത്തുകളിലും ഉണ്ടെങ്കിൽ അത് സർക്കാരിന്റെ മുന്നിൽ ഒരു പൊതുവിഷയമായി അവതരിപ്പിക്കുകയും ചെയ്യണം.



അതുകൊണ്ട് ജില്ലാ തലത്തിലുള്ള പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുകയും ഓരോ പഞ്ചായത്തിന്റെയും പ്രശ്നങ്ങൾ കൃത്യമായി ശേഖരിച്ച് സംസ്ഥാന തലത്തിൽ ഇടപെടുകയും ചെയ്യുന്ന ഒരു സംവിധാനമാണ് ഞാൻ കൂടുതൽ പ്രാധാന്യത്തോടെ കാണുന്നത്.

4. പഞ്ചായത്തുകളുടെ പദ്ധതി രൂപീകരണത്തിലും പ്രവർത്തനങ്ങളിലും അസോസിയേഷന് ഇടപെടാൻ കഴിയുമോ?

തീർച്ചയായും കഴിയും. എന്നാൽ അസോസിയേഷൻ പഞ്ചായത്തിന്റെ പദ്ധതികൾ തീരുമാനിക്കുന്ന സംഘടനയാകരുത്. പഞ്ചായത്തുകൾക്ക് അവരുടെ പദ്ധതികൾ സ്വതന്ത്രമായി തീരുമാനിക്കാനുള്ള അവകാശം സംരക്ഷിക്കുകയാണ് വേണ്ടത്.

ഓരോ പഞ്ചായത്തിനും ഒരേ മാതൃകയിലുള്ള പദ്ധതി നടപ്പാക്കാൻ കഴിയില്ല.

ഒരു പഞ്ചായത്തിന്റെ പ്രധാന പ്രശ്നം കൃഷിയായിരിക്കാം; മറ്റൊന്നിന്റേത് കുടിവെള്ളമോ മാലിന്യമോ ആയിരിക്കാം.

അതുകൊണ്ട് 'One State - One Scheme" എന്ന സമീപനത്തിന് പകരം 'Local Need - Local Plan" എന്ന ആശയമാണ് ശക്തിപ്പെടുത്തേണ്ടത്.

5. തദ്ദേശസ്വയംഭരണ വകുപ്പ് ഏകീകരണം ഗുണപ്രദമാണെന്ന് തോന്നുന്നുണ്ടോ?

ഏകീകരണം കൊണ്ട് മാത്രം ഗുണമുണ്ടാകുമെന്ന് ഞാൻ കരുതുന്നില്ല. ഏകീകരണത്തിന്റെ ലക്ഷ്യം എന്താണ്, അത് എങ്ങനെ നടപ്പാക്കുന്നു എന്നതാണ് പ്രധാനം.

വിവിധ സംവിധാനങ്ങൾ തമ്മിലുള്ള ഏകോപനം മെച്ചപ്പെടുകയും ജനങ്ങൾക്ക് സേവനം വേഗത്തിൽ ലഭിക്കുകയും ചെയ്യുന്നുവെങ്കിൽ ഏകീകരണം നല്ലതാണ്.

പക്ഷേ അതിന്റെ പേരിൽ പഞ്ചായത്തുകളുടെ സ്വാതന്ത്ര്യവും തീരുമാനമെടുക്കാനുള്ള അധികാരവും കുറയാൻ പാടില്ല.

വികേന്ദ്രീകരണമാണ് കേരളത്തിന്റെ തദ്ദേശഭരണത്തിന്റെ ശക്തി. ഏകീകരണം വികേന്ദ്രീകരണത്തെ ശക്തിപ്പെടുത്തുന്നതായിരിക്കണം; ദുർബലപ്പെടുത്തുന്നതാകരുത്.

6. ജീവനക്കാർക്കും പൊതുജനങ്ങൾക്കും ഏകീകരണം കൊണ്ട് നേട്ടമുണ്ടായിട്ടുണ്ടോ?

നേട്ടമുണ്ടാകണമെങ്കിൽ ഭരണസംവിധാനം ലളിതമാകണം. ഇന്ന് പലപ്പോഴും ജനങ്ങൾക്ക് ഒരു കാര്യത്തിനായി പല ഓഫീസുകളിലേക്കും പോകേണ്ടി വരുന്നു.

ഏകീകരണം വഴി ഉത്തരവാദിത്തം വ്യക്തമായി നിർണ്ണയിക്കുകയും, ഫയൽ നീക്കം വേഗത്തിലാക്കുകയും, ഉദ്യോഗസ്ഥരും ജനപ്രതിനിധികളും തമ്മിലുള്ള ഏകോപനം വർധിപ്പിക്കുകയും ചെയ്താൽ അതിന്റെ ഗുണം നേരിട്ട് പൊതുജനങ്ങൾക്ക് ലഭിക്കും.

അതേസമയം ജീവനക്കാരുടെ ജോലിഭാരവും സേവന വ്യവസ്ഥകളും കൂടി പരിഗണിക്കണം.

7. കേരളം പോലെയുള്ള സംസ്ഥാനത്ത് പഞ്ചായത്തുകൾക്ക് പ്രാദേശിക പ്രത്യേകതകൾക്കനുസരിച്ച് പദ്ധതികൾ നടപ്പാക്കാൻ അസോസിയേഷന് ഇടപെടാനുള്ള സാധ്യതയുണ്ടോ?

വളരെ വലിയ സാധ്യതയുണ്ട്.

കേരളത്തിലെ ഓരോ പഞ്ചായത്തിനും അതിന്റേതായ ഭൂപ്രകൃതി, കൃഷി, ജലസ്രോതസ്സുകൾ, തൊഴിൽ മേഖല, ജനസംഖ്യാ ഘടന, സാമൂഹിക ആവശ്യങ്ങൾ എന്നിവയുണ്ട്.

അതിനനുസരിച്ചുള്ള പദ്ധതികൾ പഞ്ചായത്തുകൾക്ക് തയ്യാറാക്കാൻ കൂടുതൽ സ്വാതന്ത്ര്യം വേണം.

എന്റെ അഭിപ്രായത്തിൽ അസോസിയേഷൻ സർക്കാരിനോട് ആവശ്യപ്പെടുന്ന പ്രധാന കാര്യങ്ങളിലൊന്ന് "പഞ്ചായത്തുകൾക്ക് ഫണ്ട് മാത്രമല്ല, തീരുമാനമെടുക്കാനുള്ള കൂടുതൽ സ്വാതന്ത്ര്യവും നൽകണം" എന്നതാണ്.

8. വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ കരാർ/ദിവസവേതന ജീവനക്കാരെ നിയമിക്കുന്നതിന് പൊതുമാനദണ്ഡം വേണമെന്ന അഭിപ്രായമുണ്ടോ?

തീർച്ചയായും ഒരു പൊതുമാനദണ്ഡം ആവശ്യമാണ്.

ഒരേ സ്വഭാവത്തിലുള്ള ജോലിക്ക് വ്യത്യസ്ത പഞ്ചായത്തുകളിൽ വ്യത്യസ്ത രീതിയിലുള്ള നിയമനവും വേതനവും ഉണ്ടാകുന്നത് ഒഴിവാക്കണം.

അതേസമയം ഓരോ പഞ്ചായത്തിന്റെയും സാമ്പത്തിക സ്ഥിതിയും ജോലിയുടെ സ്വഭാവവും പരിഗണിച്ചുള്ള സുതാര്യമായ നിയമന മാനദണ്ഡവും ഏകീകൃത മാർഗനിർദേശവും വേണം.

ഇത് ജീവനക്കാർക്കും പഞ്ചായത്തുകൾക്കും ഒരുപോലെ സഹായകരമായിരിക്കും.

9. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന പുതിയ പ്രശ്നങ്ങൾ, മാലിന്യ നിർമാർജനം, മുതലായ വിഷയങ്ങളിൽ അസോസിയേഷൻ പഠനം നടത്തിയിട്ടുണ്ടോ?

ഇത്തരം വിഷയങ്ങളിൽ പഠനം നടത്തുന്നത് അനിവാര്യമാണ്. പ്രത്യേകിച്ച് മാലിന്യസംസ്കരണം, തെരുവുനായ നിയന്ത്രണം, കാലാവസ്ഥാ വ്യതിയാനം, കുടിവെള്ളം, കൃഷി, വയോജന പരിചരണം തുടങ്ങിയ വിഷയങ്ങൾ ഓരോ പഞ്ചായത്തും നേരിടുന്നുണ്ട്.

പഠനം മാത്രം പോരാ. വിജയകരമായി നടപ്പാക്കിയ മാതൃകകൾ കണ്ടെത്തി മറ്റു പഞ്ചായത്തുകളിലേക്ക് എത്തിക്കണം.

ഒരു പഞ്ചായത്തിൽ വിജയിച്ച മാതൃക മറ്റൊരു പഞ്ചായത്തിന് പഠിക്കാനും സ്വീകരിക്കാനും കഴിയുന്ന Knowledge Sharing Platform ആയി അസോസിയേഷൻ മാറണം എന്നാണ് എന്റെ അഭിപ്രായം.

10. കേരളത്തിലെ ഡാമുകളിലും നദികളിലും അടിഞ്ഞുകൂടിയിട്ടുള്ള മണൽ സമയബന്ധിതമായി മാറ്റുന്നതിന് ശാശ്വതപരിഹാരം തദ്ദേശസ്ഥാപനതലത്തിൽ സാധ്യമാണോ?

"കേരളത്തിലെ നദികൾ, ഡാമുകൾ, പാടശേഖരങ്ങൾ എന്നിവ സംരക്ഷിക്കാൻ പ്രധാനമായും മാലിന്യം ഉറവിടത്തിൽ തന്നെ വേർതിരിച്ച് ശേഖരിച്ച് സംസ്കരിക്കുക, നദികളിലേക്കും തോടുകളിലേക്കും മാലിന്യം എത്തുന്നത് പൂർണ്ണമായി തടയുക, മലിന ജലം ശുദ്ധീകരിച്ച ശേഷം മാത്രം ജലസ്രോതസ്സുകളിലേക്ക് ഒഴുക്കുന്ന സംവിധാനം ശക്തമാക്കുക മുതലായ പ്രവൃത്തികൾ നടത്തണം. കളിമണ്ണുള്ള പ്രദേശങ്ങളിൽ അനിയന്ത്രിതമായി മണ്ണിട്ട് നികത്തുന്നത് ഒഴിവാക്കണം. ആവശ്യമായിടത്ത് വിദഗ്ധ പരിശോധന നടത്തി മാത്രമേ കളിമണ്ണ് നീക്കം ചെയ്ത് അനുയോജ്യമായ മണ്ണ് ഉപയോഗിച്ച് ഫിൽ ചെയ്യാവൂ.

ഡാമുകളിൽ അടിഞ്ഞുകൂടുന്ന മണലും ചെളിയും ശാസ്ത്രീയമായി പരിശോധിക്കണം. സംഭരണശേഷിയെയോ ജലപ്രവാഹത്തെയോ ബാധിക്കുന്നുണ്ടെങ്കിൽ, നിയമാനുസൃത അനുമതികളോടെ ആവശ്യമായ sediment നീക്കം ചെയ്യാം.

നദികളിലെ മണൽ അനിയന്ത്രിതമായി നീക്കം ചെയ്യാൻ പാടില്ല. നദിയുടെ സ്വാഭാവിക ഒഴുക്കിനെയും പരിസ്ഥിതിയെയും ബാധിക്കാത്ത രീതിയിൽ വിദഗ്ധ പഠനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ നടപടി സ്വീകരിക്കാവൂ.

ഓരോ നദീതടത്തിനും പ്രത്യേക ജലസംരക്ഷണ പദ്ധതി തയ്യാറാക്കണം.

ഇതെല്ലാം തദ്ദേശസ്ഥാപനങ്ങൾ, കൃഷിഭവനുകൾ, ജലവിഭവ വകുപ്പ്, കർഷകർ, വിദഗ്ധർ, ജനങ്ങൾ എന്നിവരുടെ കൂട്ടായ്മയിലൂടെ നടപ്പാക്കണം.

ചുരുക്കത്തിൽ, മാലിന്യം നീക്കം ചെയ്യുന്നതിൽ മാത്രം ഒതുങ്ങാതെ, ജലസ്രോതസ്സുകളുടെ സ്വാഭാവിക ഒഴുക്കും സംഭരണശേഷിയും സംരക്ഷിക്കുന്ന ഒരു സമഗ്രമായ ജലസംരക്ഷണ നയമാണ് കേരളത്തിന് വേണ്ടത്."

11. ഗ്രാമപഞ്ചായത്തുകളുടെ സർവ്വോന്മുഖമായ വികസനത്തിന് പുതിയ സർക്കാർ എത്രത്തോളം പ്രാധാന്യം നൽകുന്നു?

എന്റെ അഭിപ്രായത്തിൽ ഗ്രാമപഞ്ചായത്തുകളെ കേവലം സർക്കാർ പദ്ധതികൾ നടപ്പാക്കുന്ന



ഏജൻസികളായി കാണരുത്.

ഗ്രാമത്തിന്റെ വികസനത്തിന് നേതൃത്വം നൽകുന്ന പ്രാദേശിക സർക്കാരായാണ് പഞ്ചായത്തുകളെ കാണേണ്ടത്.

അതിന് ആവശ്യമായ ഫണ്ട്, അധികാരം, ജീവനക്കാർ, സാങ്കേതിക സഹായം എന്നിവ നൽകണം.

തീർച്ചയായും തദ്ദേശ സ്ഥാപനങ്ങളുടെ ഇടപെടൽ അതിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്.

പ്രത്യേകിച്ച് അധികാരവികേന്ദ്രീകരണത്തിന് ശേഷം ജനങ്ങളുടെ ആവശ്യങ്ങൾ നേരിട്ട് മനസ്സിലാക്കി പദ്ധതികൾ ആവിഷ്കരിക്കാനും നടപ്പാക്കാനും പഞ്ചായത്തുകൾക്ക് സാധിച്ചു.

എന്നാൽ ഇനി അടുത്ത ഘട്ടത്തിലേക്ക് പോകണം. അടിസ്ഥാന സൗകര്യ വികസനത്തിൽ നിന്ന് സുസ്ഥിര വികസനത്തിലേക്കും തൊഴിൽ സൃഷ്ടിയിലേക്കും പ്രാദേശിക സാമ്പത്തിക വളർച്ചയിലേക്കും പഞ്ചായത്തുകൾ മാറണം.

12. കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ ഭാവി പ്രവർത്തനങ്ങൾ എന്തൊക്കെയാണ്?

എന്റെ കാഴ്ചപ്പാടിൽ അസോസിയേഷന്റെ അടുത്ത ഘട്ടം വളരെ വ്യക്തമാണ്.

പഞ്ചായത്തുകളുടെ അവകാശ സംരക്ഷണം, കൂടുതൽ സാമ്പത്തിക സ്വാതന്ത്ര്യം, അധികാര വികേന്ദ്രീകരണം, ജനപ്രതിനിധികളുടെ ശേഷി വർധനം, മികച്ച പഞ്ചായത്ത് മാതൃകകളുടെ പങ്കുവെക്കൽ, പുതിയ കാലത്തെ പ്രശ്നങ്ങളിൽ കൂട്ടായ ഇടപെടൽ - ഇതായിരിക്കണം ഭാവി പ്രവർത്തനങ്ങളുടെ അടിസ്ഥാനം.

പഞ്ചായത്തുകൾ സർക്കാരിന്റെ താഴെത്തട്ടിലുള്ള ഓഫീസുകളല്ല; ജനങ്ങളോട് ഏറ്റവും അടുത്ത് നിൽക്കുന്ന സർക്കാരാണ്.

അതുകൊണ്ട് ഗ്രാമപഞ്ചായത്തുകൾ ശക്തിപ്പെട്ടാൽ മാത്രമേ കേരളത്തിലെ ജനാധിപത്യ വികേന്ദ്രീകരണം യഥാർത്ഥ അർത്ഥത്തിൽ ശക്തിപ്പെടുകയുള്ളൂ.

“പഞ്ചായത്തുകൾക്ക് അധികാരം നൽകിയിട്ട് ആ അധികാരം ഉപയോഗിക്കാനുള്ള സ്വാതന്ത്ര്യം നൽകാതിരുന്നാൽ വികേന്ദ്രീകരണം പൂർണ്ണമാകില്ല. പഞ്ചായത്തുകളുടെ ശബ്ദം സർക്കാരിന്റെ മുന്നിലെത്തിക്കുകയാണ് കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്തം.”

-ആദർശ്.പി.നായർ

വിനോദ് ഡാനിയൽ

ഗ്രാമസഭ
തദ്ദേശ സ്വയംഭരണത്തിന്റെ അടിസ്ഥാന ശില

"...എന്റെ ഗ്രാമസ്വരാജ് സങ്കൽപം എന്നത് അയൽപക്ക ബന്ധങ്ങളിൽ അധിഷ്ഠിതമായ, സ്വന്തം കാര്യങ്ങൾ സ്വയം തീരുമാനിക്കുന്ന പൂർണ്ണ സ്വാതന്ത്ര്യമുള്ള ഒരു സ്വയംപര്യാപ്ത സമൂഹമാണ്..."

- മഹാത്മാഗാന്ധി -



പ്രാദേശിക ജനാധിപത്യം ഏതാനും ജനപ്രതിനിധികളിൽ മാത്രം ഒതുങ്ങിനിൽക്കാതെ, അധികാരവും തീരുമാനങ്ങളും സാധാരണക്കാരിലേക്ക് നേരിട്ടെത്തുന്ന സംവിധാനമാണ് തദ്ദേശ സ്വയംഭരണം. അധികാര വികേന്ദ്രീകരണമാണ് ഇവിടെ മർമ്മ പ്രധാനം.

ഈ ജനാധിപത്യ വികേന്ദ്രീകരണ പ്രക്രിയയിലെ ഏറ്റവും താഴെത്തട്ടിലുള്ളതും എന്നാൽ ഏറ്റവും ശക്തവുമായ തറക്കല്ലാണ് ഗ്രാമസഭകൾ. 1992-ലെ 73-ാം ഭരണഘടനാ ഭേദഗതിയിലൂടെയും 1994-ലെ കേരള പഞ്ചായത്തീരാജ് ആക്ടിലൂടെയും നിയമപരമായ അടിത്തറ ലഭിച്ച ഗ്രാമസഭകളെ 'പ്രത്യക്ഷ ജനാധിപത്യത്തിന്റെ ഉത്തമ മാതൃക' എന്ന് തന്നെ വിശേഷിപ്പിക്കാം.

ഗ്രാമസഭയുടെ ഘടനയും പ്രാധാന്യവും

പഞ്ചായത്തിലെ ഒരു വാർഡിലെ വോട്ടർപട്ടികയിൽ പേരുള്ള മുഴുവൻ ആളുകളും അംഗങ്ങളായുള്ള ഭരണഘടനാപരമായ വേദി ആണ് ഗ്രാമസഭ. വോട്ടർമാർ ചേർന്ന് തങ്ങളുടെ പ്രതിനിധികളെ തിരഞ്ഞെടുക്കുന്ന പരമ്പരാഗത രീതിയല്ല ഇവിടെ നടക്കുന്നത്. മറിച്ച്, ജനങ്ങൾ തന്നെ നേരിട്ട് ഭരണഘടന തത്വങ്ങൾ പാലിച്ച് തീരുമാനങ്ങളെടുക്കുന്ന രീതിയാണ് ഗ്രാമസഭയിലേത്.

വാർഡ് മെമ്പർ ഗ്രാമസഭയുടെ കൺവീനറായി പ്രവർത്തിക്കുന്നു.


ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അല്ലെങ്കിൽ വൈസ് പ്രസിഡന്റ് ആയിരിക്കും ഗ്രാമസഭയിൽ അധ്യക്ഷത വഹിക്കുന്നത്.

വർഷത്തിൽ കുറഞ്ഞത് നാല് തവണയെങ്കിലും ഗ്രാമസഭ ചേരണമെന്നാണ് നിയമം. അതു പാലിച്ചില്ലെങ്കിൽ വാർഡ് അംഗത്തിന്റെ പദവിക്ക് അയോഗ്യതയും സംഭവിക്കാം.

എന്തുകൊണ്ട് ഗ്രാമസഭ തദ്ദേശഭരണത്തിന്റെ നെടുന്തൂൺ ആകുന്നു?

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസൂത്രണം, നിർവ്വഹണം, നിരീക്ഷണം തുടങ്ങി വികസന പുരോഗതി വിലയിരുത്തുന്ന എല്ലാ ഘട്ടങ്ങളിലും ഗ്രാമസഭയ്ക്കുള്ള പങ്കാണ് അതിനെ പഞ്ചായത്തീരാജ് സംവിധാനത്തിന്റെ അച്ചുതണ്ടാക്കുന്നത്.

ഒരു വാർഡിന്റെ സമസ്ത മേഖലയുടെയും വികസന പ്രക്രിയയുടെ വിത്ത് പാകപ്പെടുന്നത് ഗ്രാമസഭയിലാണ്. പക്ഷഭേദമില്ലാതെ എല്ലാവർക്കും അവിടെ നടക്കുന്ന ചർച്ചകളിൽ ജനാധിപത്യ രീതിയിൽ അഭിപ്രായം പറയാൻ അവകാശമുണ്ട്. പാർശ്വവൽക്കരിക്കപ്പെട്ടവർക്കും സാധാരണക്കാർക്കും



വികസന ചർച്ചകളിൽ ശബ്ദമുയർത്താൻ ഗ്രാമസഭ അവസരമൊരുക്കുന്നു. സ്ത്രീകളുടെയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും ഭിന്നശേഷിക്കാരുടെയു സജീവ പങ്കാളിത്തം ഉറപ്പാക്കാൻ പ്രത്യേക വ്യവസ്ഥകളുണ്ട്.

വികസന പദ്ധതികളുടെ ആവശ്യകത നിർണ്ണയം ആദ്യമായി അവതരിപ്പിക്കപ്പെടുന്നത് ഗ്രാമസഭയിലാണ്. ഒരു വാർഡിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങൾ (റോഡ്, കുടിവെള്ളം, തെരുവ് വിളക്കുകൾ തുടങ്ങിയവ) വേണമെന്ന് ആദ്യം ആസൂത്രണം ചെയ്യുന്നത് ഗ്രാമസഭയിലാണ്. ജനങ്ങൾ നേരിട്ട് അവതരിപ്പിക്കുന്ന ആവശ്യങ്ങൾക്കാണ് ഇവിടെ മുൻഗണന ലഭിക്കുന്നത്.

ഭവന പദ്ധതികൾ, സാമൂഹ്യക്ഷേമ പെൻഷനുകൾ, കൃഷി/മൃഗസംരക്ഷണ സഹായങ്ങൾ തുടങ്ങി വിവിധ വ്യക്തിഗത ആനുകൂല്യങ്ങൾക്ക് അർഹരായവരെ കണ്ടെത്തുന്നത് ഗ്രാമസഭകളിൽ വച്ചാണ്.

ഇത് ഇടനിലക്കാരിൽ നിന്നും സ്വാർത്ഥതാല്പര്യം വച്ചുപുലർത്തുന്നവരിൽ നിന്നും സംഭവിച്ചേക്കാവുന്ന ചൂഷണം ഒഴിവാക്കാൻ സഹായിക്കുന്നു.

പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതികൾ, ചെലവഴിച്ച തുക, ഗുണനിലവാരം എന്നിവയെക്കുറിച്ച് ചോദിച്ചറിയാനും വിലയിരുത്താനും ഗ്രാമസഭയ്ക്ക് അധികാരമുണ്ട്. ഇത് ഭരണത്തിൽ സുതാര്യതയും അഴിമതിരഹിതമായ അന്തരീക്ഷവും ഉറപ്പുവരുത്തുന്നു.

കേരളത്തിന്റെ വികേന്ദ്രീകൃത ആസൂത്രണ മാതൃകയിൽ (ജനകീയാസൂത്രണം) പദ്ധതി നിർദ്ദേശങ്ങൾ താഴെത്തട്ടിൽ നിന്ന് രൂപപ്പെടുന്നത് ഗ്രാമസഭകളിലൂടെയാണ്.

കേരള പഞ്ചായത്തീരാജ് ആക്ട്, 1994 (സെക്ഷൻ 3(1), 3(2)) പ്രകാരം ഒരു ഗ്രാമസഭയ്ക്ക് പഞ്ചായത്തുമായുള്ള ബന്ധത്തിലും വികസന പ്രവർത്തനങ്ങളിലും മേൽ സൂചിപ്പിച്ചതിനു പുറമെ നിർണ്ണായകമായ പല അധികാരങ്ങളും ചുമതലകളുമുണ്ട്.

വാർഡ് പ്രദേശത്തിന്റെ വികസനത്തിനായി വാർഷിക പദ്ധതികൾ തയ്യാറാക്കുകയും വികസന മുൻഗണനകൾ (Development priorities) നിശ്ചയിക്കുകയും ചെയ്യുന്നത് ഗ്രാമസഭയിലാണ്. ഗ്രാമസഭയിലെ ജനങ്ങളുടെ ആവശ്യങ്ങളും പ്രശ്നങ്ങളും സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയും അത് പഞ്ചായത്ത് ഭരണസമിതിക്ക് സമർപ്പിക്കുകയും ചെയ്യുക എന്നത് ഗ്രാമസഭയിൽ നിഷിപ്തമായിരിക്കുന്ന പ്രധാന ചുമതലയാണ്.

സാക്ഷരത, ആരോഗ്യം, പരിസ്ഥിതി സംരക്ഷണം, കുടുംബക്ഷേമം തുടങ്ങിയ സാമൂഹിക വിഷയങ്ങളിൽ ജനങ്ങളെ ബോധവൽക്കരിക്കുക, ഗ്രാമപ്രദേശങ്ങളിൽ സമാധാനവും ഐക്യവും നിലനിർത്തുന്നതിനുള്ള പ്രവർത്തനങ്ങളിൽ പങ്കാളികളാവുക തുടങ്ങിയവയൊക്കെ ഓരോ പൗരന്റെയും കടമകൾ കൂടിയാണ്.

പഞ്ചായത്ത് നടപ്പിലാക്കിയ പദ്ധതികളുടെ ഗുണനിലവാരം പരിശോധിക്കാനും, ചെലവഴിച്ച തുകയുടെ കണക്കുകൾ ചോദിച്ചറിയാനും അംഗീകാരം നൽകാനും ഗ്രാമസഭയ്ക്ക് അധികാരമുണ്ട്.

പഞ്ചായത്തിന്റെ വികസന പദ്ധതികളിൽ മാറ്റങ്ങൾ വരുത്താനോ പ്രായോഗികമായ പുതിയ നിർദ്ദേശങ്ങൾ നൽകാനും ഗ്രാമസഭയ്ക്ക് അധികാരമുണ്ട്.

ആസൂത്രണം ചെയ്ത പദ്ധതികൾ പൂർത്തിയായെന്ന് ഉറപ്പുവരുത്തുകയും, ഗുണഭോക്താക്കൾക്ക് അർഹതയുണ്ടെന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നതും ഗ്രാമസഭയാണ്.

വാർഡ് പ്രദേശത്തെ ശുചിത്വ പരിപാലനം, മാലിന്യ സംസ്കരണം





എന്നിവ നിരീക്ഷിക്കാനും അതിനായി നടപടികൾ സ്വീകരിക്കാനും പഞ്ചായത്തിനോട് ആവശ്യപ്പെടാൻ ഗ്രാമസഭയ്ക്ക് എപ്പോഴും അധികാരമുണ്ട്.

ചുരുക്കത്തിൽ, പദ്ധതികളുടെ ആസൂത്രണം മുതൽ അത് നടപ്പിലാക്കി കഴിഞ്ഞുള്ള സാമൂഹ്യ പരിശോധന വരെ എല്ലാ ഘട്ടങ്ങളിലും ജനങ്ങൾക്ക് നേരിട്ട് ഇടപെടാനുള്ള നിയമപരമായ വേദിയാണ് ഗ്രാമസഭ.

ഗ്രാമസഭകൾക്ക് വലിയ അധികാരങ്ങൾ നിയമപരമായി നൽകിയിട്ടുണ്ടെങ്കിലും പ്രയോഗതലത്തിൽ ചില പരിമിതികൾ ഗ്രാമസഭകൾ ഇന്ന് നേരിടുന്നുണ്ട്.

കോറം തികയ്ക്കാനുള്ള ബുദ്ധിമുട്ടാണ് അതിൽ പ്രധാനം. പല വാർഡുകളിലും ആവശ്യത്തിന് ആളുകൾ പങ്കെടുക്കാത്തതിനാൽ കോറം (ആകെ വോട്ടർമാരുടെ 10%) തികയാൻ പ്രയാസപ്പെടുന്നു.

നിഷിപ്ത രാഷ്ട്രീയതാല്പര്യം വച്ചു വികസന മേഖലകളെ സമീപിക്കുന്ന പ്രവണത അമിതമായി കടന്നുവരുന്നത് കാരണം പൊതുവികസന ചർച്ചകൾ വഴിതിരിഞ്ഞു പോകാൻ ഇടയാകുന്ന സാഹചര്യം പല ഗ്രാമസഭകളും അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമാണ്. വ്യക്തിഗത ആനുകൂല്യങ്ങൾ ലഭിക്കാൻ മാത്രം ആളുകൾ എത്തുകയും പൊതുവികസന വിഷയങ്ങളിൽ താല്പര്യം കുറയുകയും ചെയ്യുന്നത് ഗ്രാമസഭ വേളകളിൽ സ്ഥിരം കാഴ്ചയാണ്.

തദ്ദേശ സ്വയംഭരണത്തിന്റെ മെച്ചമായ വിജയം

> **ആസൂത്രണം ചെയ്ത പദ്ധതികൾ പൂർത്തിയായെന്ന് ഉറപ്പുവരുത്തുകയും, ഗുണഭോക്താക്കൾക്ക് അർഹതയുണ്ടെന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നതും ഗ്രാമസഭയാണ്.**

നിലനിൽക്കുന്നത് ഗ്രാമസഭകളുടെ കാര്യക്ഷമതയിലാണ്. ജനങ്ങൾ അവകാശങ്ങളെക്കുറിച്ച് ബോധവാന്മാരാവുകയും ഗ്രാമസഭകളിൽ സജീവമായി പങ്കെടുക്കുകയും ചെയ്യുമ്പോൾ മാത്രമേ ജനാധിപത്യം അർത്ഥവത്താകൂ. നാടിന്റെ വികസനം ജനങ്ങളിൽ നിന്ന് തന്നെ തുടങ്ങുന്നുവെന്ന സന്ദേശമാണ് ഗ്രാമസഭകൾ നൽകുന്നത്.





വിശപ്പില്ലാത്ത കേരളത്തിലേക്ക്

ഇന്ദിര കാന്റീൻ

കേരളത്തിന്റെ സാമൂഹ്യവികസന ചരിത്രത്തിൽ സാധാരണക്കാരന്റെ ജീവിതത്തെ നേരിട്ട് സ്പർശിച്ച പദ്ധതികൾക്കാണ് എന്നും കൂടുതൽ പ്രാമുഖ്യവും നിലനിൽപ്പും ലഭിച്ചിട്ടുള്ളത്. വിദ്യാഭ്യാസം, ആരോഗ്യം, പൊതുവിതരണം, പാർപ്പിടം, സ്ത്രീ ശാക്തീകരണം എന്നീ മേഖലകളിൽ കേരളം സൃഷ്ടിച്ച മാതൃകകളുടെ തുടർച്ചയായി, ഭക്ഷ്യസുരക്ഷയ്ക്കും സാമൂഹ്യസുരക്ഷയ്ക്കും പുതിയൊരു ജനകീയ മുഖം നൽകുകയാണ് സംസ്ഥാന സർക്കാരിന്റെ ഇന്ദിര കാന്റീൻ പദ്ധതി.

ഒരു മനുഷ്യന്റെ ഏറ്റവും അടിസ്ഥാന ആവശ്യമാണ് ഭക്ഷണം. വരുമാനം കുറവായാലും ജീവിതച്ചെലവ് ഉയർന്നാലും ഒരു വ്യക്തിക്കും വിശപ്പ് സഹിച്ച് ജീവിക്കേണ്ട സാഹചര്യം ഉണ്ടാകരുത് എന്ന സാമൂഹിക പ്രതിബദ്ധതയുടെ പ്രായോഗിക രൂപമാണ് ഇന്ദിര കാന്റീൻ. സംസ്ഥാനതല ജനക്ഷേമ ഇടപെടലിന് നഗരതലത്തിൽ ശക്തമായ മാതൃക സൃഷ്ടിക്കുന്നതിൽ ഈ നവീന ഉദ്യമത്തിലൂടെ കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ വിജയിച്ചിരിക്കുകയാണ്.

ദിവസം 50 രൂപയ്ക്ക് 3 നേരം ഭക്ഷണം

ഇന്ദിര കാന്റീന്റെ ഏറ്റവും വലിയ പ്രത്യേകത സാധാരണക്കാരന്റെ ദിവസേനയുള്ള ഭക്ഷണച്ചെലവ് ഗണ്യമായി കുറയ്ക്കുന്നതിന് യാഥാർഥ്യബോധത്തോടെ സമീപിച്ചിരിക്കുന്നു എന്നതാണ്. പദ്ധതിയിലൂടെ വളരെ കുറഞ്ഞ നിരക്കിൽ-അതായത് ദിവസം വെറും 50 രൂപയ്ക്ക് മൂന്ന് നേരം ഭക്ഷണം-ലഭ്യമാക്കുന്നു:



- പ്രഭാതഭക്ഷണം: ₹10
- ഉച്ചഭക്ഷണം: ₹30
- രാത്രിഭക്ഷണം: ₹10

ഇത് കേവലമൊരു വിലക്കുറവ് പദ്ധതിയെന്ന തിലുപരി, നഗരത്തിലെ സാധാരണ തൊഴിലാളികൾ, ദിവസവേതനക്കാർ, ഓട്ടോ-ടാക്സി തൊഴിലാളികൾ, തെരുവ് വ്യാപാരികൾ, വിദ്യാർത്ഥികൾ, വയോജനങ്ങൾ, ആശുപത്രി കൂട്ടിരിപ്പുകാർ, വിവിധ ആവശ്യങ്ങൾക്കായി നഗരത്തിലെത്തുന്ന ജനങ്ങൾ എന്നിവർക്കെല്ലാം ആശ്രയിക്കാവുന്ന ഒരു പൊതു ഭക്ഷണ ശൃംഖലയായി മാറുകയാണ്. ജീവിതച്ചെലവ് ദിനംപ്രതിയെന്നോണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ, ഒരു കുടുംബത്തിന്റെ സാമ്പത്തിക ഭാരം വലിയൊരളവിൽ നേരിട്ട് കുറയ്ക്കുന്ന സാമൂഹ്യ ഇടപെടലാണ് കൊച്ചി നഗരസഭ ഇതിലൂടെ നിർവ്വഹിക്കുന്നത്.

'സമൃദ്ധി @ കൊച്ചി'യിൽ നിന്ന് ഇന്ദിര കാന്റീനിലേക്ക്

കേരളത്തിലെ ഏക മെട്രോ നഗരമെന്ന നിലയിൽ തൊഴിൽ, വ്യാപാരം, ചികിത്സ, വിദ്യാഭ്യാസം തുടങ്ങിയ വിവിധ ആവശ്യങ്ങൾക്കായി ദിവസേന വലിയൊരു ജനവിഭാഗമാണ് കൊച്ചിയിലെത്തുന്നത്. വൻതുക നൽകി ഹോട്ടൽ ഭക്ഷണം കഴിക്കാൻ നിർബന്ധിതരാകുന്ന സാധാരണക്കാർ ഭാരിച്ച ചെലവ് കണ്ട് മൂന്ന് നേരത്തെ ഭക്ഷണം ഒരു നേരമായി ചുരുക്കേണ്ട അവസ്ഥയിലായിരുന്നു.

ഭക്ഷ്യസുരക്ഷ എന്നത് കേവലം ദാരിദ്ര്യനിർമ്മാർജ്ജനം മാത്രമല്ല, അത് നഗരസഭയുടെ അടിസ്ഥാന ഉത്തരവാദിത്വങ്ങളിലൊന്ന് കൂടിയാണെന്ന യാഥാർഥ്യം മുൻപേ തിരിച്ചറിഞ്ഞ കൊച്ചി നഗരസഭ, കുടുംബശ്രീ വനിതകളെ കേന്ദ്രീകരിച്ച് മിതമായ നിരക്കിൽ ഒരു നേരത്തെ ഭക്ഷണം നൽകുന്നതിനായി 'സമൃദ്ധി @ കൊച്ചി' ആരംഭിച്ചിരുന്നു. എന്നാൽ 'സമൃദ്ധി'യിൽ നിന്ന് ഇന്ദിര കാന്റീനിലേക്ക് എത്തുമ്പോൾ പദ്ധതി കൂടുതൽ സമഗ്രമാകുകയും മൂന്ന് നേരം ഭക്ഷണം നൽകിക്കൊണ്ട് സാധാരണക്കാരെ ചേർത്തുനിർത്തുന്ന വലിയൊരു പദ്ധതിയായി മാറുകയും ചെയ്തിരിക്കുന്നു.

സഹായമല്ല, ഭക്ഷണം അവകാശമാണ്

കാന്റീനിലേക്ക് വരുന്ന ആളുടെ സാമ്പത്തിക സ്ഥിതി ചോദിക്കുന്നില്ല, ആരെയും വേർതിരിക്കുന്നതുമില്ല. വിശപ്പുള്ളവന് ഭക്ഷണം ലഭിക്കുക എന്നതിനാണ് ഇവിടെ പ്രാധാന്യം.

ഇവിടെ ഭക്ഷണം സ്വീകരിക്കുന്ന വ്യക്തിയെ ഒരു "സഹായം തേടുന്ന ഗുണഭോക്താവ്" എന്ന രീതിയിലല്ല കാണുന്നത്. അയാൾ ഒരു ഉപഭോക്താവാണ്; അന്തസ്സോടെയും മാന്യതയോടെയും പൊതുസേവനം ലഭിക്കേണ്ട പൗരനാണ്. വരുമാനത്തിന്റെ പരിമിതി കാരണം ഒരാളും ഭക്ഷണം ഒഴിവാക്കേണ്ടിവരരുത് എന്നതും, സഹായമല്ല, ഭക്ഷണം അവകാശമാണ് എന്നതുമാണ് ഇന്ദിര കാന്റീൻ നൽകുന്ന സന്ദേശം. ഈ പ്രായോഗിക സാമൂഹിക പ്രതിബദ്ധതയാണ് ഇന്ദിര കാന്റീനെ മറ്റ് സബ്സിഡി ഭക്ഷണപദ്ധതികളിൽ നിന്നും വ്യത്യസ്തമാക്കുന്നത്.



ഭക്ഷ്യസുരക്ഷയ്ക്കൊപ്പം സ്ത്രീശാക്തീകരണവും

കുടുംബശ്രീ വനിതകളുടെ പങ്കാളിത്തമാണ് കൊച്ചിയിലെ ഈ ഭക്ഷ്യസുരക്ഷാ മാതൃകയുടെ പ്രധാന കരുത്ത്. ഇന്ദിര കാന്റീൻ വഴി സ്ത്രീകൾ പദ്ധതിയുടെ ഗുണഭോക്താക്കളല്ല, മറിച്ച് സംഘാടകരും നടത്തിപ്പുകാരുമാണ്.

തൊഴിലവസരങ്ങൾ: ഭക്ഷണം തയ്യാറാക്കൽ, പച്ചക്കറി ശുചീകരണം, സംഭരണം, പാക്കിംഗ്, വിതരണം, കാന്റീൻ നടത്തിപ്പ്, അക്കൗണ്ടിംഗ്, ശുചിത്വ പരിപാലനം തുടങ്ങിയ വിവിധ തലങ്ങളിൽ സ്ത്രീകൾക്ക് തൊഴിൽ ലഭിക്കുന്നു.

ജീവിതനിലവാരം: ഒരു സ്ത്രീക്ക് സ്ഥിരമായ വരുമാനം ലഭിക്കുമ്പോൾ അതിന്റെ നേട്ടം അവരുടെ കുടുംബത്തിന്റെ വിദ്യാഭ്യാസത്തിലും ആരോഗ്യത്തിലും ഭക്ഷ്യസുരക്ഷയിലും പ്രതിഫലിക്കുന്നു.

ഒരാളുടെ വിശപ്പിനും മറ്റൊരാളുടെ തൊഴിലില്ലായ്മയ്ക്കും ഒരേസമയം പരിഹാരം നൽകിക്കൊണ്ട് സാമൂഹ്യ അന്തസ്സ് ഉയർത്താൻ ഈ പദ്ധതിക്ക് സാധിക്കുന്നു.

കുറഞ്ഞ വില, ഗുണമേന്മയിൽ വിട്ടുവീഴ്ചയില്ല

കുറഞ്ഞ നിരക്കിൽ ഭക്ഷണം നൽകുന്നു എന്നതിന്റെ പേരിൽ ഗുണനിലവാരം കുറയ്ക്കരുത് എന്ന നിലപാടാണ് നഗരസഭയ്ക്കുള്ളത്. 'Affordable Rate Quality Food" എന്ന ആശയമാണ് ഇവിടെ മുൻപന്തിയിൽ നിൽക്കുന്നത്.

- ശുദ്ധമായ അസംസ്കൃത വസ്തുക്കൾ
- സുരക്ഷിത സംഭരണവും ശുചിത്വമുള്ള അടുക്കളയും
- ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങളും ക്രമബദ്ധമായ പാചകരീതിയും
- സമയബന്ധിതമായ വിതരണവും മാലിന്യ സംസ്കരണവും

ഇവയെല്ലാം ഉൾക്കൊള്ളുന്ന പ്രൊഫഷണൽ സംവിധാനമായാണ് ഇന്ദിര കാന്റീനുകൾ പ്രവർത്തിക്കുന്നത്.

സമഗ്രമായ Urban Food Security Network

ഇന്ദിര കാന്റീന്റെ ഭാവി ഓരോ സ്ഥലത്തും ഒറ്റപ്പെട്ട കാന്റീനുകൾ സ്ഥാപിക്കുന്നതിൽ മാത്രം ഒതുങ്ങേണ്ടതില്ല. കൊച്ചിയുടെ അനുഭവം മുൻനിർത്തി നഗരതലത്തിൽ ഒരു സമഗ്ര Urban Food Security Network രൂപപ്പെടുത്താൻ സാധിക്കും:

1.കേന്ദ്ര അടുക്കളയും (Central Kitchen) ആധുനിക ഭക്ഷ്യോൽപാദന സംവിധാനങ്ങളും.

2.കോൾഡ് സ്റ്റോറേജും ശാസ്ത്രീയ സംഭരണ രീതികളും.

3.പച്ചക്കറി-അസംസ്കൃത വസ്തു പ്രോസസ്സിംഗും ഭക്ഷ്യഗുണനിലവാര പരിശോധനയും.

4.കാര്യക്ഷമമായ വിതരണ ശൃംഖലയും ഡിജിറ്റൽ നിരീക്ഷണവും.

ഈ അടിസ്ഥാനസൗകര്യ വികസനത്തിലൂടെ ഭാവിയിൽ വലിയ തോതിൽ ഭക്ഷണം ഉൽപാദിപ്പിക്കുകയും വിവിധ കേന്ദ്രങ്ങളിലൂടെ ജനങ്ങളിലെത്തിക്കുകയും ചെയ്യുന്ന സ്ഥിരതയുള്ള ഭക്ഷ്യസുരക്ഷാ ശൃംഖലയായി ഇതിനെ വളർത്താം.

നഗര വികസനത്തിന്റെ പുതിയ നിർവചനം

ഒരു നഗരത്തിന്റെ വികസനം റോഡുകളും പാലങ്ങളും കെട്ടിടങ്ങളും കൊണ്ട് മാത്രം അളക്കാനാവില്ല. വിശന്ന ഒരാൾക്ക് ഭക്ഷണം ലഭിക്കുന്നുണ്ടോ, വയോധികർക്ക് സംരക്ഷണമുണ്ടോ, തൊഴിലാളികൾക്ക് കുറഞ്ഞ ചെലവിൽ ജീവിക്കാൻ സാധിക്കുന്നുണ്ടോ, സ്ത്രീകൾക്ക് മാന്യമായ തൊഴിലുണ്ടോ എന്നതും വികസനത്തിന്റെ അളവുകോലുകളാണ്.

അതുകൊണ്ട് ഇന്ദിര കാന്റീൻ ഒരു വെറും കാന്റീനല്ല, മറിച്ച് അതൊരു Social Infrastructure ആണ്. പൊതുആരോഗ്യ കേന്ദ്രം, പൊതുഗതാഗതം, പൊതു വിദ്യാഭ്യാസം എന്നിവ പോലെ തന്നെ സാധാരണക്കാർക്ക് താങ്ങാനാവുന്ന നിരക്കിൽ ഗുണമേന്മയുള്ള ഭക്ഷണം ഉറപ്പാക്കുന്ന സംവിധാനവും ആധുനിക നഗരത്തിന്റെ അനിവാര്യമായ പൊതുസൗകര്യമാണ്.

മൂന്ന് തലങ്ങളുടെ കൈകോർക്കൽ

സംസ്ഥാന സർക്കാരിന്റെ ജനക്ഷേമ ദർശനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലും കുടുംബശ്രീ വനിതകളുടെ അദ്ധ്വാനവും ഒത്തുചേരുമ്പോഴാണ് പദ്ധതി വിജയകരമാകുന്നത്:

- സംസ്ഥാന സർക്കാർ: 'ഇന്ദിര ഗ്യാരന്റി' പ്രഖ്യാപനത്തിലൂടെ നയപരമായ നേതൃത്വം നൽകുന്നു.
- തദ്ദേശ സ്വയംഭരണ സ്ഥാപനം: കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ പദ്ധതിയെ പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ച് നടപ്പിലാക്കുന്നു.
- കുടുംബശ്രീ വനിതകൾ: പദ്ധതിയുടെ പ്രവർത്തനശക്തിയായി മുന്നിൽ നിൽക്കുന്നു.

വിശപ്പില്ലാത്ത കേരളത്തിലേക്ക്...

കേരളം എന്നും മനുഷ്യകേന്ദ്രീകൃത വികസനത്തിന്റെ വഴിയാണ് തിരഞ്ഞെടുത്തിട്ടുള്ളത്. ആ വികസനപാതയിലെ പുതിയൊരു അധ്യായമാണ് ഇന്ദിര കാന്റീൻ. കുറഞ്ഞ നിരക്കിൽ ഭക്ഷണം, ഗുണമേന്മയുള്ള സേവനം, സ്ത്രീകൾക്ക് തൊഴിൽ, കുടുംബങ്ങൾക്ക് സാമ്പത്തിക ആശ്വാസം, നഗരത്തിന് സ്ഥിരമായ ഭക്ഷ്യസുരക്ഷ എന്നിവ ഉറപ്പുനൽകുന്ന കൊച്ചി മാതൃക മറ്റ് തദ്ദേശ സ്ഥാപനങ്ങൾക്കും ഒരു ദിശാസൂചികയാണ്.

'പണമില്ലാത്തതിനാൽ ഒരാളും ഭക്ഷണം ഉപേക്ഷിക്കേണ്ടി വരരുത് വിശപ്പിന് മുന്നിൽ ഒരാളും ഒറ്റപ്പെടരുത്' എന്ന വലിയ ആശയമാണ് ഇന്ദിര കാന്റീൻ മുന്നോട്ടുവെക്കുന്നത്. സംസ്ഥാന സർക്കാരിന്റെ കരുതലും തദ്ദേശഭരണത്തിന്റെ ഉത്തരവാദിത്വവും കുടുംബശ്രീ വനിതകളുടെ അദ്ധ്വാനവും ഒന്നിക്കുന്നിടത്ത്, ഇന്ദിര കാന്റീൻ ഒരു വെറും ഭക്ഷണശാലയല്ല-അത് വിശപ്പില്ലാത്ത കേരളത്തിലേക്കുള്ള ഉറച്ച ജനകീയ ചുവടുവയ്പ്പാണ്, ഒരു നഗരം കാഴ്ചവയ്ക്കുന്ന കരുതലാണ്.





പുൽത്തകിടിയിലെ 'കായാമ്പൂ'വിൽ കോഫിയുമൊരുക്കി കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത്.

ജീവിത സായാഹ്നത്തിൽ ഒറ്റപ്പെടലിന്റെ വേദന യുമായി വീടുകളിൽ അടച്ചിടപ്പെടുന്ന വയോജന ങ്ങളുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചു വരികയാണ്. വേഗത്തിൽ പായുന്ന യുവത്വത്തിന് തങ്ങളുടെ മാതാപിതാക്കളെ നോക്കുന്നതിന് സമയമില്ല. നാളെ ഞാനും ഈ ഒറ്റപ്പെടലനുഭവിക്കേണ്ടതാണ് എന്ന ചിന്ത പോലും യുവ തലമുറയ്ക്കില്ല. എന്നാൽ, ചില കോണുകളിൽ നിന്നും ആശാവഹമായ കരുതൽ വയോജനങ്ങൾക്കായി ഉയരുന്നത് തികച്ചും പ്രതീക്ഷാ നിർഭരമാണ്.

കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് ചേർത്തല എസ്.എൻ കോളേജിന് വടക്ക് ഭാഗത്ത് ദേശീയ പാതയോട് ചേർന്ന് 30 സെന്റിൽ വയോജനങ്ങൾക്കായി തയ്യാറാക്കിയ റേഡിയോ പാർക്ക് കായാമ്പൂ 2025 ഒക്ടോബർ മുതൽ പൊതുജനങ്ങൾക്കായി തുറന്ന് നൽകിയിട്ടുള്ളതാണ്. വിശാലമായ കാർ പാർക്കിംഗ്, പുൽത്തകിടിയിലെ ഇരിപ്പിടങ്ങളും, കുട്ടികൾക്കുള്ള പാർക്കും , കളിയുപകരണങ്ങളും, വനിതകൾക്കായുള്ള ഫിറ്റ്നസ് സെൻററും വിവിധ ഇനങ്ങളിലുള്ള ചെടി കളും വള്ളിപ്പടർപ്പുകളും മത്സ്യക്കുളവും വൈദ്യുത



> പാർക്കിന്റെയും കഫറ്റീരിയയുടെയും സേവനങ്ങൾക്കായി ദേശീയപാതയ്ക്ക് അരികിൽ എസ് എൻ കോളേജിന് വടക്കുഭാഗത്തുള്ള കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് അങ്കണത്തിലെ വയോജന സൗഹൃദ പാർക്കായ 'കായാമ്പു' കഫെ ഷോപ്പിന്റെ ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി സുധർമ്മിണി തമ്പാൻ നിർവഹിച്ചു.

ദീപാലങ്കാരങ്ങളുമെല്ലാം സജ്ജീകരിച്ചിട്ടുണ്ട്. ദേശീയ പാതയോട് ചേർന്ന് ഇത്രയധികം പാർക്കിംഗും മറ്റ് സൗകര്യങ്ങളും ഉള്ളതുകൊണ്ട് തന്നെ സ്ത്രീകളും വിദ്യാർത്ഥികളും വയോജനങ്ങളുമെല്ലാം ഇതിനോടകം തങ്ങളുടെ ഇഷ്ട വിശ്രമ ഇടമാക്കി മാറ്റിയിരിക്കുകയാണ്.

2020-25 കാലഘട്ടത്തിലെ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി ആരംഭിച്ച റേഡിയോ പാർക്കിന് പുതിയ ഭരണസമിതിയുടെ നേതൃത്വത്തിൽ പാർക്കിലെത്തുന്ന പൊതുജനങ്ങൾക്കായി കൂടുതൽ സൌകര്യമൊരുക്കി കൊണ്ട് കോഫിയും ഐസ്ക്രീമും ലഘു ഭക്ഷണ ങ്ങളും ഒരുക്കി കഫെറ്റീരിയ ആരംഭിച്ചിട്ടുമുണ്ട്.

ഇവിടേക്ക് ദീർഘദൂര യാത്രക്കാർക്ക് കൂടി സൗകര്യം ലഭ്യമാക്കുക ലക്ഷ്യമിട്ടാണ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി സുധർമ്മിണി തമ്പാന്റെ നേതൃത്വത്തിൽ ഭരണസമിതി പദ്ധതി പൂർത്തിയാക്കിയിട്ടുള്ളത്. പിറന്നാളാഘോഷം പോലെയുള്ള പ്രത്യേക അവസരങ്ങളിൽ ചെറിയ നിരക്കിൽ പാർക്ക് മുഴുവനായും രാത്രി സമയമുൾപ്പെടെ നിശ്ചിത സമയത്തേക്ക് ആവശ്യക്കാർക്ക് വിട്ടു നൽകുന്നതിനുള്ള സംവീധാനവും പാർക്കിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

പാർക്കിന്റെയും കഫറ്റീരിയയുടെയും സേവന ങ്ങൾക്കായി ദേശീയപാതയ്ക്ക് അരികിൽ എസ് എൻ കോളേജിന് വടക്കുഭാഗത്തുള്ള കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് അങ്കണത്തിലെ വയോജന സൗഹൃദ പാർക്കായ 'കായാമ്പൂ' കഫെ ഷോപ്പിന്റെ ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി സുധർമ്മിണി തമ്പാൻ നിർവഹിച്ചു.

വിശാലമായ കാർ പാർക്കിംഗ്, കുട്ടികളുടെ പാർക്ക് , സ്ത്രീകളുടെ ഫിറ്റ്നസ് സെൻറർ ഒപ്പം അല്പസമയം വിശ്രമത്തിനുമായി ദേശീയപാതയിലെ യാത്രക്കാർ എത്തുമ്പോൾ അവർക്കായി ഇനിമുതൽ കഫെ ഷോപ്പും.



വായനക്കാർക്കായി ഈ ലക്കം പരിചയപ്പെടുത്തുന്നത് വയനാട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൊന്നായ വൈത്തിരി താലൂക്കിലെ പനമരം ബ്ലോക്ക് പഞ്ചായത്തിലുൾപ്പെട്ട

കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് ആണ്.

കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിന്റെ സാരഥ്യം വഹിക്കുന്നവർ

2025 വാർഡ് പുനർവിഭജനത്തെതുടർന്ന് 21 വാർഡുകളാണ് കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിലുള്ളത്.

പ്രസിഡന്റ് : വി.പി.യൂസഫ്

വൈസ് പ്രസിഡന്റ് : ശ്രീമതി. രോഷ്മ രമേഷ്

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ :

ധനകാര്യം : ശ്രീമതി. രോഷ്മ രമേഷ്

വികസനകാര്യം : ശ്രീ. മുഹമ്മദ് ഇക് ബാൽ (.കെ.എം.ഫൈസൽ)

ക്ഷേമകാര്യം : ശ്രീമതി. മറിയം അബ്ദുറഹിമാൻ

ആരോഗ്യവും വിദ്യാഭ്യാസവും : ശ്രീ. സുരേഷ് ബാബു.സി

കണിയാമ്പറ്റ എന്ന പേരിന് പിന്നിലെ ഐതിഹ്യങ്ങളിൽ ഒന്ന് പൊങ്ങിണി ഭഗവതിയെ വഞ്ചിച്ച് ബന്ധനസ്ഥനാക്കിയ കണിയാനെ അനുസ്മരിച്ച് “കണിയാൻ പറ്റിച്ചു” എന്നത് ലോപിച്ച് കണിയാമ്പറ്റയായതാണെന്നും, രാജകുമാരന് കെണിയമ്പേറ്റ























സ്ഥലം കണിയാമ്പറ്റയായി മാറിയെന്നതുമാണ് മറ്റൊരു ഐതിഹ്യം. പഴശ്ശി രാജാവിന്റെ യുദ്ധഭൂമിയിൽ പെട്ട ഈ പ്രദേശം വയനാട്ടിലെ ആദ്യകാല ആദിവാസി ജനവാസ കേന്ദ്രങ്ങളിലൊന്നായിരിന്നു. കാലക്രമേണ വിവിധ ജനവിഭാഗങ്ങൾ കൂടിയേറി കാർഷിക വൃത്തിയും മറ്റുമായി കണിയാമ്പറ്റക്കാരായി മാറി.

37.8 ചതുരശ്ര കിലോമീറ്റർ ചുറ്റളവുള്ള ഈ പഞ്ചായത്തിൽ പ്രധാന വരുമാന മാർഗ്ഗം കൃഷി തന്നെയാണ്. കാപ്പി, കുരുമുളക്, വാനില, നെല്ല്, ഇഞ്ചി, വാഴ, കവുങ്ങ്, തെങ്ങ്, മുതലായവയാണ് പ്രധാന വിളകൾ.

കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 15 കിലോമീറ്റർ ചുറ്റളവിനുള്ളിലുള്ള പ്രധാനപ്പെട്ട വിനോദ സഞ്ചാര കേന്ദ്രങ്ങൾ:

1. സൂര്യോദയവും മഞ്ഞണിഞ്ഞ താഴ്വരകളുടെ (ക്ലൗഡ് ബെഡ്) സൌന്ദര്യവും പകരുന്ന കുറുമ്പാലക്കോട്ട വ്യൂ പോയിന്റ്.

2. കാരാപ്പുഴ ഡാം - വിവിധയിനം അഡ്വഞ്ചർ റൈഡുകൾ സഞ്ചാരികളെ ആകർഷിക്കുന്നു.

3. ഇന്ത്യയിലെ തന്നെ മണ്ണ് കൊണ്ട് നിർമ്മിച്ചിട്ടുള്ള ഏറ്റവും വലിയ ഡാം ആയ ബാണാസുര സാഗർ ഡാം

4. പൂക്കോട് തടാകവും ലക്കിടി വ്യൂ പോയിന്റും

5. ശാന്തസുന്ദരമായ കാന്തൻപാറ വെള്ളച്ചാട്ടം സന്ദർശകർക്ക് നവ്യാനുഭൂതി നൽകുന്നു.

എവർഷൈൻ കണിയാമ്പറ്റ-വിഷൻ 2030 എന്ന ആശയം മുൻനിർത്തി വിദ്യാഭ്യാസം, ആരോഗ്യം, കാർഷികം, മൃഗസംരക്ഷണം, വനിതാ-യുവജനവനക്ഷേമം, അടിസ്ഥാന സൌകര്യങ്ങൾ, തൊഴിൽ, പരിസ്ഥിതി സംരക്ഷണം തുടങ്ങിയ മേഖലകളിൽ പുരോഗതി കൈവരിച്ച് ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയും ജനപങ്കാളിത്തത്തോടെയും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെയും, സമഗ്ര വികസനം, സാമൂഹിക നീതി, സാമ്പത്തിക വളർച്ച, പരിസ്ഥിതി സംരക്ഷണം എന്നിവ ഉറപ്പാക്കുന്ന മാതൃക പഞ്ചായത്തായി കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിനെ മാറ്റുക എന്ന് ലക്ഷ്യത്തോടെ ഭരണസമിതിയും ജീവനക്കാരും ഒരുമിച്ച് മുന്നേറുന്നു.

കയ്യോട് കൈ

മാലിന്യരഹിത പുതുയുഗ കേരളത്തിനായി ഒന്നിക്കാം

കേരളത്തെ സമ്പൂർണ്ണ മാലിന്യരഹിത സംസ്ഥാനമാക്കി മാറ്റുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പും ശുചിത്വ മിഷനും ചേർന്ന് ആവിഷ്കരിച്ച പുതിയ പദ്ധതിയാണ് 'കയ്യോട് കൈ'. 2026 സെപ്റ്റംബർ 17 മുതൽ ഒക്ടോബർ 17 വരെ നീണ്ടുനിൽക്കുന്ന സ്വച്ഛ്താ ഹി സേവാ ക്യാമ്പയിന്റെ ഭാഗമായാണ് ഈ പ്രവർത്തനം സംസ്ഥാനത്തുടനീളം നടപ്പിലാക്കുന്നത്. 'കൈകോർക്കാം, മാലിന്യരഹിത പുതുയുഗ കേരളത്തിനായി' എന്ന ആപ്തവാക്യം മുൻനിർത്തി പൊതുജനപങ്കാളിത്തത്തോടെയുള്ള ശുചിത്വ പ്രവർത്തനങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

ഗാന്ധി ജയന്തി ദിനമായ ഒക്ടോബർ 2-ന് ബഹു. കേരള മുഖ്യമന്ത്രി സംസ്ഥാനതലത്തിൽ തുടക്കം കുറിക്കുന്ന സീറോ വേസ്റ്റ് ക്യാമ്പയിന്റെ മുന്നോടിയായാണ് (Curtain Raiser) 'കയ്യോട് കൈ' സംഘടിപ്പിക്കുന്നത്.



പ്രധാന പ്രവർത്തന മേഖലകൾ

1. പൊതുയിടങ്ങളുടെ ശുചീകരണവും ബ്യൂട്ടിഫിക്കേഷനും (Cleanliness Target Units - CTU) നാട്ടിലെ മാലിന്യക്കൂമ്പാരങ്ങളും സ്ഥിരമായി മാലിന്യം തള്ളുന്ന ഇടങ്ങളും (CTU) കണ്ടെത്തി സമയബന്ധിതമായി നീക്കം ചെയ്യും. ശുചീകരിച്ച ഇത്തരം സ്ഥലങ്ങൾ വീണ്ടും മാലിന്യകേന്ദ്രങ്ങളാകാതിരിക്കാൻ സ്ഥിരസംവിധാനം ഒരുക്കുകയും, വരാനിരിക്കുന്ന സംസ്ഥാനതല ക്യാമ്പയിനിൽ ഇവയെ മനോഹരമായ 'ബ്യൂട്ടി സ്പോട്ട്'കളാക്കി മാറ്റുകയും ചെയ്യും. കൂടാതെ പൊതുശുചിമുറികളുടെ നിലവാരം ഉയർത്തുന്നതിനായി FACES (Functional, Accessible, Clean, Eco-friendly, Safe) മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തും.

2. സ്വച്ഛ് പാഠശാല (വിദ്യാർത്ഥി പങ്കാളിത്തം) വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ചെറുപ്പക്കാരെ ശുചിത്വ സന്ദേശങ്ങളിലേക്ക് ആകർഷിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കും.

- മാലിന്യ സംസ്കരണ കേന്ദ്ര സന്ദർശനം, കമ്പോസ്റ്റിംഗ് ഡെമോൺസ്ട്രേഷൻ, നാലുതരം

മാലിന്യ വേർതിരിക്കൽ (4-way segregation), ജലസംരക്ഷണം, വ്യക്തിശുചിത്വം എന്നിവയിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകും.

- ഉപന്യാസം, കവിത, ചിത്രരചന, ക്വിസ്, കഥപറച്ചിൽ, ഡിബേറ്റ്, ജിംഗിൾ നിർമ്മാണം തുടങ്ങിയ മത്സരങ്ങൾ സ്കൂളുകളിൽ സംഘടിപ്പിക്കും.

3. സഫായി മിത്ര സുരക്ഷാ ഏവം സമ്മാൻ ശിവിർ ശുചീകരണ തൊഴിലാളികളുടെ സുരക്ഷയ്ക്കും ക്ഷേമത്തിനും പ്രത്യേക ഊന്നൽ നൽകുന്നു.

- സെപ്റ്റംബർ 30-ന് ശുചീകരണ തൊഴിലാളികൾക്കും കുടുംബങ്ങൾക്കുമായി ഏകജാലക സർവീസ് ക്യാമ്പ് (Single-window service camp) സംഘടിപ്പിക്കും.
- സൗജന്യ ആരോഗ്യ പരിശോധന, പി.പി.ഇ (PPE) കിറ്റുകളുടെ വിതരണം, വിവിധ കേന്ദ്ര-സംസ്ഥാന ക്ഷേമപദ്ധതികളുടെ ലെയ്സൺ, തൊഴിലാളികളെ ആദരിക്കൽ എന്നിവ ക്യാമ്പിന്റെ ഭാഗമായി നടക്കും.

4. ജൻ ഭാഗീദാരി (ജനപങ്കാളിത്തം) നാടിന്റെ ശുചിത്വം ഓരോ പൗരന്റെയും കടമയാണെന്ന സന്ദേശം ഉയർത്തിപ്പിടിക്കുന്നു.

- ഡോർ-ടു-ഡോർ ബോധവൽക്കരണം, റാലികൾ, ഫ്ലാഷ് മോബ്, മനുഷ്യച്ചങ്ങല, ചുമർ ചിത്രരചന, പാർക്ക് സന്ദർശനം, തെരുവ് നാടകങ്ങൾ എന്നിവ സംഘടിപ്പിക്കും.
- ഹോം കമ്പോസ്റ്റിംഗ്, പ്ലാസ്റ്റിക് രഹിത പ്രചാരണം, തുണിസഞ്ചി പ്രോത്സാഹനം എന്നിവയും ഇതിൽ ഉൾപ്പെടുന്നു.
- ലോക വിനോദസഞ്ചാര ദിനമായ സെപ്റ്റംബർ 27-ന് പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങൾ, തീർത്ഥാടന കേന്ദ്രങ്ങൾ, ബീച്ചുകൾ എന്നിവിടങ്ങളിൽ പ്രത്യേക ശുചീകരണവും ബ്രാൻഡിംഗും നടത്തും.

5. സ്വച്ഛത സേ സമൃദ്ധി (Waste to Wealth) മാലിന്യത്തെ ഉപയോഗപ്രദമായ വിഭവമാക്കി മാറ്റുന്ന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കും.

- ഉപേക്ഷിക്കപ്പെട്ട തുണി, പേപ്പർ, പ്ലാസ്റ്റിക്, ഇ-വേസ്റ്റ് എന്നിവയിൽ നിന്ന് ചുവർചിത്രങ്ങൾ (Murals), ശില്പങ്ങൾ, അലങ്കാര വസ്തുക്കൾ, ബെഞ്ചുകൾ തുടങ്ങിയവ നിർമ്മിക്കും.
- സ്കൂളുകളിലും പൊതുയിടങ്ങളിലും പഴയ തുണികൾ, പുസ്തകങ്ങൾ, കളിപ്പാട്ടങ്ങൾ എന്നിവ ശേഖരിച്ച് പുനരുപയോഗിക്കാൻ ആർ.ആർ.ആർ കേന്ദ്രങ്ങൾ (Reduce, Reuse, Recycle) ശക്തിപ്പെടുത്തും.



തദ്ദേശ സ്ഥാപനങ്ങളുടെ ചുമതലകൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ) മുഖേനയാണ് 'കയ്യോട് കൈ' പദ്ധതി പ്രാദേശികതലത്തിൽ നടപ്പിലാക്കുന്നത്. ഓരോ ദിവസത്തെയും പ്രവർത്തനങ്ങൾ (ലൊക്കേഷൻ, ചിത്രങ്ങൾ, പങ്കാളിത്തം, പി.പി.ഇ വിതരണം) കൃത്യമായി രേഖപ്പെടുത്തി ദേശീയ ഐ.ടി പോർട്ടലിൽ അപ്ലോഡ് ചെയ്യേണ്ടതുണ്ട്.

സർക്കാരിന്റെയും തദ്ദേശ സ്ഥാപനങ്ങളുടെയും ശ്രമങ്ങൾക്കൊപ്പം ഓരോ പൗരനും കൈകോർക്കുമ്പോൾ മാത്രമേ മാലിന്യരഹിത നവകേരളം എന്ന സ്വപ്നം യഥാർത്ഥ്യമാവുകയുള്ളൂ.

നിശാന്ത്.പി
വാർഡ് കൗൺസിലർ
അരുകിഴായ, മഞ്ചേരി മുൻസിപ്പാലിറ്റി



പൈതൃകം പേറുന്ന കൽപ്പടവുകൾ...

> കുളങ്ങളിൽ പലതും പഴയ പല തറവാടുകളും ഇല്ലങ്ങളും ഭാഗം വെച്ചത് കൊണ്ടും, റോഡ് വികസനത്തിന്റെയും മറ്റും ഭാഗമായി ഒട്ടുമുക്കാലും ഇന്ന് നികത്തി നാമാവശേഷമായി കഴിഞ്ഞിരിക്കുന്നു.

നാടിന്റെ പേരുതന്നെ അരുവിക്ക് കീഴെ എന്ന് ലോപിച്ച് 'അരുകിഴായ' ആയി മാറിയ ഇടം. ഒരു കാലത്ത് മഞ്ചേരിയിലെ തന്നെ കുളങ്ങളാൽ സമൃദ്ധമായ ഗ്രാമമായിരുന്നു അരുകിഴായ എന്ന് പറഞ്ഞാൽ ഇന്ന് വിശ്വസിക്കാൻ പോലും തോന്നാത്ത വിധത്തിൽ ജലത്തിന്റെ സ്രോതസ്സുകൾ കൈമോശം വന്നു, ജലക്ഷാമം അത്രമാത്രം ഞങ്ങളെ ഞെരുക്കി കൊണ്ടിരിക്കുന്ന അവസ്ഥ. കുളങ്ങളിൽ പലതും പഴയ പല തറവാടുകളും ഇല്ലങ്ങളും ഭാഗം വെച്ചത് കൊണ്ടും, റോഡ് വികസനത്തിന്റെയും മറ്റും ഭാഗമായി ഒട്ടുമുക്കാലും ഇന്ന് നികത്തി നാമാവശേഷമായി കഴിഞ്ഞിരിക്കുന്നു. മഴക്കാലം കഴിഞ്ഞ പാടെ പലരും വെള്ളം കൊണ്ടുവരുന്ന വണ്ടികൾക്ക് കാത്തു നിൽക്കേണ്ട ഗതികേടിലേക്ക് വന്നു. ജലം നിർലോഭം ലഭിച്ചിരുന്ന ഗതകാലം അയവിറക്കി ഞങ്ങളിൽ പലർക്കും അവരെ ആശ്രയിക്കാതെ മറ്റു ഗതിയില്ലാതായി.

ഈയടുത്ത കാലത്താണ് നാട്ടുകാരിൽ പലരുടെയും വിശിഷ്യ നമ്മുടെ സുഹൃത്തുക്കളുടെ പേരിനോടൊപ്പം പി.കെ എന്നുള്ളതും 'പടിക്കൽകുളം'

എന്നതിന്റെ ചുരുക്കെഴുത്താണ് എന്ന് ശ്രദ്ധിക്കുന്നത്. പിന്നീടുള്ള ശ്രമം പടിക്കൽ കുളത്തെ കുറിച്ചു പഠിക്കാനായിരുന്നു അങ്ങനെ ഞങ്ങളുടെ കൂട്ടായ്മ 'indoshire "(കഴിഞ്ഞ ഇരുപത്തിയാറ് വർഷത്തിലേറെയായി മഞ്ചേരിയിലും ചുറ്റുപാടും സാമൂഹ്യ സാംസ്കാരിക മേഖലകളിൽ ഇടപെട്ടുകൊണ്ടിരിക്കുന്ന അരുകിഴായ ആസ്ഥാനമായുള്ള ഞങ്ങളുടെ കൂട്ടായ്മ) നടത്തിയ ആ ശ്രമത്തിൽ പടിക്കൽകുളം ഏകദേശം 50-55 കൊല്ലം മുൻപ് വരെ വളരെ സജീവമായിരുന്നു എന്നും ആ കുളത്തിനോട് ചേർന്നുള്ള പല തറവാട് വീടുകളുടെ പടിക്കൽ ഉള്ള കുളം എന്ന നിലക്ക് കുളത്തിന്റെ പേർ "പടിക്കൽകുളം എന്നുമായിരുന്നു എന്നും കണ്ടെത്തി.കുളത്തിന്റെ പാരമ്പര്യം പേറുന്ന വേലായുധ സ്വാമിക്കൊക്കെ ഇപ്പോളും ആ കാലം വർണിക്കാൻ നൂറു നാവാണ് .വേനൽ കാലത്ത് കൃഷി ഇറക്കിയതും ചെറുപ്പത്തിൽ വാഴപോള കൊണ്ട്

കുളം പുനർനിർമിച്ചാൽ അടിയന്തിരമായി 35 - 40 വീടുകൾക്കും തുടർന്നുള്ള ഒന്നു രണ്ട് വർഷങ്ങൾക്കകം 20-25 വീടുകളിലും വരും വർഷങ്ങളിൽ ബാക്കി വരുന്ന വീടുകളിലും കുളത്തിൽ വെള്ളം നിൽക്കുന്നത് കൊണ്ട് മാത്രം വേനൽ കാലത്ത് വീടുകളിലെ കിണറുകളിൽ ജലത്തിന്റെ തോത് ഉയരുമെന്നുറപ്പിച്ചു.



പഠിക്കുകയാണ് അതിനുവേണ്ടി ഞങ്ങൾ നടത്തിയ സർവേയിൽ കുളം പൂർവ്വസ്ഥിതിയിൽ ആയാൽ അതിന് ചുറ്റുമുള്ള ഏകദേശം 75-80 വീട്ടുകാർക്ക് നേരിട്ടും അല്ലാതെയും ഗുണം ചെയ്യും എന്ന് ബോധ്യപ്പെട്ടു. കുളം പുനർനിർമിച്ചാൽ അടിയന്തിരമായി 35 - 40 വീടുകൾക്കും തുടർന്നുള്ള ഒന്നു രണ്ട് വർഷങ്ങൾക്കകം 20-25 വീടുകളിലും വരും വർഷങ്ങളിൽ ബാക്കി വരുന്ന വീടുകളിലും കുളത്തിൽ വെള്ളം നിൽക്കുന്നത് കൊണ്ട് മാത്രം വേനൽ കാലത്ത് വീടുകളിലെ കിണറുകളിൽ ജലത്തിന്റെ തോത് ഉയരുമെന്നുറപ്പിച്ചു.

തുടർന്ന് കുളം ഉണ്ടായിരുന്ന സ്ഥലത്തിന്റെ ഉടമകളെ കുറിച്ചുള്ള അന്വേഷണം എത്തിച്ചേർന്നത് ഒരു കാലത്ത് അരുകിഴായയുടെ ഊരാളൻമാർ



ചങ്ങാടം ഇറക്കിയതും പറയുമ്പോൾ അദ്ദേഹത്തിന്റെ കണ്ണു നിറയുന്നത് കണ്ടു നിൽക്കുമ്പോൾത്തന്നെ കൈമോശം വന്നത് ഒരു കുളം മാത്രമല്ല പ്രദേശത്തെ പലരുടെയും വികാരം കൂടിയാണെന്ന് ബോധ്യമായി. കാലാന്തരത്തിൽ വീട്ടുപേരായി മാറിയതും ഈ പൈതൃകത്തിന്റെ അവകാശികളുടെ ആത്മസമർപ്പണത്തിന്റെ പുണ്യമാണ്.

പടിക്കൽകുളത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ 'indoshire" എന്നെയും സുഹൃത്ത് പ്രസാദിനെയും (അദ്ദേഹം ഇപ്പോൾ മങ്കട ബ്ലോക്കിൽ GEO ആയി ജോലി ചെയ്തു വരുന്നു) അത് വീണ്ടെടുക്കാൻ വേണ്ടത് ചെയ്യാനുള്ള ചുമതല ഏൽപ്പിക്കുകയായിരുന്നു. ഞങ്ങൾ ആദ്യം ചെയ്തത് കുളം വീണ്ടെടുത്താൽ ഉണ്ടാകുന്ന പ്രയോജനത്തെ കുറിച്ച്

നിർമ്മാണം ആരംഭിക്കുകയും ഒരുവർഷം കൊണ്ട് പ്രാരംഭ നടപടികൾ അടക്കം കുളത്തിന്റെ മുക്കാൽ ഭാഗം പൂർത്തീകരിച്ചു. തുടർന്നു അടുത്ത ബജറ്റിൽ 2025-26-ൽ പത്തുലക്ഷം രൂപ കൂടി വകയിരുത്തി കുളത്തിന്റെ പണി പൂർത്തീകരിച്ചു.

ആയിരുന്ന കൈതക്കൽ മനയിലും മനയുടെ അന്നത്തെ കാരണവർ ആയ മഹാകവി ജാതവേദൻ മാഷുടെ മുൻപിലുമാണ്. മുൻപ് കുളം ഏകദേശം 23 സെന്റ് ആയിരുന്നു എന്നും അതിലധികം പലരും കയ്യേറിയെന്നുമുള്ള സത്യം മനസ്സിലാക്കിയപ്പോൾ ഒരുകാലത്ത് ആ കുളം ശേഖരിച്ചു നിർത്തിയ വെള്ളത്തിന്റെ പരപ്പ് മനസ്സിലേക്ക് വന്നു. നിരന്തരമായ സ്നേഹപൂർവ്വമുള്ള നിർബന്ധം കാരണം മഹാകവി തികച്ചും സൗജന്യമായി കുളം നിന്ന ഏഴിലധികം സെന്റ് സ്ഥലം കുളം നിർമ്മിക്കാൻ വിട്ടു തരാം എന്ന് സമ്മതിച്ചു. ആ സമയത്ത് അദ്ദേഹത്തിന്റെ വലിയ മനസ്സിന്റെ സ്നേഹം ഞങ്ങളെ കുളിരണിയിച്ചു. ഞങ്ങൾ മുൻകൈയെടുത്ത് മുൻസിപ്പാലിറ്റിക്ക് സ്ഥലം വിട്ടു കൊടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി. പൊതു കുളം നിർമ്മിക്കാനുള്ള ഫണ്ട് ശരിയാകാത്തതിനാൽ സ്ഥലം മാഷുടെ കയ്യിൽ നിന്നും മുൻസിപ്പാലിറ്റിക്ക് വിട്ടുകൊടുക്കാൻ സമ്മർദം ചെലുത്തിയത് തെറ്റായി പോയോ എന്ന് പലപ്പോഴും ഞങ്ങൾക്ക് തോന്നിയിട്ടുണ്ട്.

സ്ഥലം ലഭ്യമായെങ്കിലും കുളം നിർമ്മിക്കാനുള്ള ഫണ്ട് ഞങ്ങൾ സമീപിച്ച വകുപ്പിൽ ലഭ്യമല്ലാത്തത് ഞങ്ങളെ കുറച്ചൊന്നുമല്ല നിരാശരാക്കിയത്. തുടർന്ന് ഞങ്ങൾ കക്ഷി രാഷ്ട്രീയ ഭേദമന്യേ എല്ലാ അധികാര കേന്ദ്രങ്ങളെയും സമീപിക്കാൻ തീരുമാനിച്ചു. ആ തീരുമാനം ശരിയാണെന്ന് പിന്നീട് കാലം തെളിയിച്ചു കാരണം കത്ത് നൽകിയ ഭൂരിപക്ഷം പേരും പുച്ഛിച്ചു തള്ളുകയും ഭ്രാന്തൻ ചിന്തയെന്ന് കളിയാക്കുകയും ചെയ്തെങ്കിലും അതിൽ രണ്ട് പേർ 'വേശപേട്ടനും' 'അശോകേട്ടനും' ഞങ്ങളുടെ കൂടെ നിന്നു പിന്നീടങ്ങോട്ട് അവർ മുഖേന മഞ്ചേരി മുൻസിപ്പാലിറ്റിയെ സമീപിക്കുകയും അനുകൂലമായ മറുപടി ലഭിക്കുകയും ചെയ്തത്. ഒന്നും രണ്ടും പേരുമായി തുടങ്ങിയ ആശയം ഒടുവിൽ ഒരു നാടിന്റെ സ്പന്ദനമായി മാറുന്നത് നമ്മുടെ കൺമുൻപിൽ കണ്ടു. 'ആമ്പലും കാൽപ്പനികതയുടെ പൗർണ്ണമിയും വിരിഞ്ഞിറങ്ങുന്ന നീല ജലാശയമായി'.

വീണ്ടെടുക്കൽ പലപ്പോളും പ്രയാസമാണ് എന്നിരുന്നാലും ഉറച്ച മനസോട് കൂടിയ സ്വപ്നങ്ങൾക്ക് ലോകം മുഴുവൻ കൂടെ നിൽക്കും എന്നല്ലേ വിശ്വസാഹിത്യകാരൻ നമ്മോട് പറഞ്ഞത് , ഞങ്ങൾ പടിക്കൽകുളം പുനർനിർമ്മാണം എന്ന സ്വപ്നത്തിലേക്ക് വളരെ അടുത്ത് കൊണ്ട് 2024-25 വർഷത്തെ ബജറ്റിൽ ടൈഡ് ഫണ്ടിൽ ഉൾപ്പെടുത്തി ഇരുപത് ലക്ഷം മഞ്ചേരി മുൻസിപ്പാലിറ്റി വകയിരുത്തി എന്ന വാർത്ത ഞങ്ങളെ കുറച്ചൊന്നുമല്ല ആഹ്ലാദഭരിതരാക്കിയത്. തുടർന്നങ്ങോട്ട് എല്ലാം വളരെ പെട്ടെന്ന് നടന്നു.

നിർമ്മാണം ആരംഭിക്കുകയും ഒരുവർഷം കൊണ്ട് പ്രാരംഭ നടപടികൾ അടക്കം കുളത്തിന്റെ മുക്കാൽ ഭാഗം പൂർത്തീകരിച്ചു. തുടർന്നു അടുത്ത ബജറ്റിൽ 2025-26-ൽ പത്തുലക്ഷം രൂപ കൂടി വകയിരുത്തി കുളത്തിന്റെ പണി പൂർത്തീകരിച്ചു.

2019 മാർച്ച് 22 ലോക ജലദിനത്തിൽ indoshire ഫേസ്ബുക്ക് ഗ്രൂപ്പിൽ പടിക്കൽ കുളത്തെക്കുറിച്ച് പോസ്റ്റ് ഇട്ടുകൊണ്ട് ആരംഭിച്ച പരിശ്രമം 2026 ആഗസ്റ്റ് 15 ഉദ്ഘാടനത്തോടനുബന്ധിച്ചാണ് അവസാനിച്ചത്. നീണ്ട 7 വർഷത്തെ ഒരു നാടിന്റെ കഠിന പരിശ്രമമാണ് ഈ വിജയത്തിന് ഹേതുവായത്. ഇതിനിടയിൽ നിയമസഭയും, തദ്ദേശ ഭരണ തിരഞ്ഞെടുപ്പും കഴിഞ്ഞു പുതിയ ഭരണ സമിതികൾ നിലവിൽവന്നു.


ചെയർപേഴ്സൺ വല്ലാഞ്ചിറ അബ്ദുൽ മജീദ് അധ്യക്ഷനായി, വൈസ് ചെയർപേഴ്സൺ adv ബീനയുടെ സാന്നിധ്യത്തിൽ പ്രിയപ്പെട്ട എംഎൽഎ അഡ്വ. റഹ്മത്തുള്ള പടിക്കൽ കുളം പുനർനിർമ്മിച്ചത് ഉത്ഘാടനം ചെയ്തു .കാലം കാത്ത് വച്ച നിയോഗം പോലെ വാർഡ് കൗൺസിലർ എന്ന നിലക്ക് ഞാൻ എനിക്കത്രയും പ്രിയപ്പെട്ടവരെ സാക്ഷി നിർത്തി ചടങ്ങിൽ സ്വാഗതം പറഞ്ഞു. നിർമ്മാണ കാലഘട്ടത്തിൽ ഞങ്ങളെ വിട്ടുപോയ പ്രിയപ്പെട്ട ജാതവേദൻ മാഷുടെ സാമിപ്യം ചടങ്ങിലുടനീളം ഉണ്ടാവാൻ ഞങ്ങൾ മനസ്സാ ആഗ്രഹിച്ചു.

സൂര്യ പ്രഭയിൽ പച്ചയുടെയും നീലയുടെയും വർണ്ണരാജിയിൽ ഉടുത്തൊരുങ്ങി മനോഹരിയായി തെളിഞ്ഞു നിൽക്കുന്ന പടിക്കൽ കുളം. കുളം ഇന്നിന്റെ അവശേഷിപ്പായി നിറഞ്ഞു നിൽക്കുമ്പോൾ ഒരു ആവാസവ്യവസ്ഥിതി വീണ്ടും പുനർജനിക്കുന്നു .അവിടെ ചെറിയ പരൽ മീനുകളും, തവളകളും, ഞണ്ടുകളും വിരുന്നു വന്നു വീട്ടുകാരാകുന്നു .ഒരു പുതിയ തലമുറ അവിടെ നീന്തി തുടിക്കുന്നത് കൂടി കാണുമ്പോൾ ഉള്ളിലിരുന്നു ആരോ മന്ത്രിക്കുന്നു പടിക്കൽകുളം - പൈതൃകം പേറുന്ന കൽപ്പടവുകളാണെന്ന്.

ആദർശ് പി നായർ

ലോകത്തിലെ ഏറ്റവും ബൃഹത്തായ ജനാധിപത്യ പ്രക്രിയ നിലനിൽക്കുന്ന ഇന്ത്യയിൽ, ജനങ്ങളിലേക്ക് അധികാരവും വികസനവും നേരിട്ടെത്തിക്കുന്ന തദ്ദേശ ഭരണവ്യവസ്ഥിതിക്ക് ആഴത്തിലുള്ള ചരിത്രപശ്ചാത്തലമുണ്ട്. പ്രാചീന കാലഘട്ടം മുതൽ ആരംഭിച്ച ഈ ഭരണരീതി, നൂറ്റാണ്ടുകളിലൂടെ രൂപമാറ്റം സംഭവിച്ച് ഇന്നത്തെ പ്രാദേശിക സർക്കാരുകളായി മാറിയതിന്റെ ഒരു ചരിത്രവഴിക്കാഴ്ച.

പ്രാചീന, മധ്യകാല ഭാരതത്തിലെ വികേന്ദ്രീകരണം



ഇന്ത്യൻ ജനജീവിതത്തിൽ പ്രാദേശിക ഭരണകൂടങ്ങൾ പുതിയൊരു ആശയമല്ല; മറിച്ച് ആദിമ സംസ്കാരങ്ങൾ തൊട്ടേ നിലനിന്നിരുന്ന ഒന്നാണ്:

- **സിന്ധുനദീതട സംസ്കാരവും വേദകാലവും:** സിന്ധുനദീതട സംസ്കാരം മുതൽ പ്രാദേശിക ഭരണസംവിധാനങ്ങൾ നിലനിന്നിരുന്നു. ഋഗ്വേദത്തിലും ജനാധിപത്യപരമായ പ്രാദേശിക കൂട്ടായ്മകളെക്കുറിച്ച് സൂചനകളുണ്ട്.
- **അർത്ഥശാസ്ത്രവും ചോള ഭരണവും:** കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ വികേന്ദ്രീകൃത ഭരണത്തെക്കുറിച്ച് വ്യക്തമായി വിവരിക്കുന്നു. ദക്ഷിണേന്ത്യയിലെ ചോള രാജവംശത്തിന്റെ

കാലത്താണ് ഇന്നത്തെ ഗ്രാമപഞ്ചായത്തുകൾക്ക് സമാനമായ വ്യവസ്ഥാപിത ഗ്രാമഭരണം ഏറ്റവും ശക്തമായി നിലനിന്നത്.

ബ്രിട്ടീഷ് ഭരണകാലവും ഭരണപരിഷ്കാരങ്ങളും

പന്ത്രണ്ടാം നൂറ്റാണ്ട് മുതൽ വിദേശ രാജവംശങ്ങളുടെ ആധിപത്യം വന്നെങ്കിലും, പതിനെട്ടാം നൂറ്റാണ്ടിന്റെ പകുതിയോടെ ബ്രിട്ടീഷ് ഭരണം ആരംഭിച്ച ശേഷമാണ് ഏകീകൃത സ്വഭാവമുള്ള തദ്ദേശ ഭരണസംവിധാനങ്ങൾക്ക് തുടക്കമായത്:

- **ആദ്യകാല കോർപ്പറേഷനുകൾ:** ബൃഹത്തായ ഇന്ത്യയെ നിയന്ത്രിക്കാൻ വികേന്ദ്രീകരണം ആവശ്യമാണെന്ന തിരിച്ചറിവിൽ 1687-ൽ മദ്രാസ് മുനിസിപ്പൽ കോർപ്പറേഷനും, 1726-ൽ ബോംബെ, കൽക്കത്ത കോർപ്പറേഷനുകളും രൂപീകരിച്ചു.
- **മയോ പ്രഭുവിന്റെ പരിഷ്കാരം** (1870): 1850-ലെ ആക്ട് പ്രകാരം നികുതി പിരിവിനായി രൂപീകരിച്ച സംവിധാനങ്ങൾക്ക് 1870-ൽ മയോ പ്രഭു സാമ്പത്തിക അധികാരങ്ങൾ കൂടി നൽകി.
- **തദ്ദേശ ഭരണത്തിന്റെ 'മാഗ്നാകാർട്ട'** (1882): ഭാരതത്തിലെ തദ്ദേശസ്വയംഭരണ സംവിധാനത്തിന്റെ പിതാവായ റിപ്പൺ പ്രഭുവിന്റെ ഭരണപരിഷ്കാരങ്ങൾ പ്രാദേശിക ഭരണത്തിന് ജനാധിപത്യ സ്വഭാവം നൽകി. ഉദ്യോഗസ്ഥ മേധാവിത്വത്തിന് പകരം തിരഞ്ഞെടുക്കപ്പെടുന്ന ജനപ്രതിനിധികളുടെ പ്രാതിനിധ്യം അദ്ദേഹം ഉറപ്പുവരുത്തി.
- **സ്വാതന്ത്ര്യ സമര പ്രസ്ഥാനങ്ങളും ഭരണപരിഷ്കാരങ്ങളും:** 1907, 1919, 1935 വർഷങ്ങളിലെ ആക്ടുകളിലൂടെ കൂടുതൽ അധികാരങ്ങൾ കൈമാറാൻ ബ്രിട്ടീഷുകാർ നിർബന്ധിതരായി. 1935-ലെ പരിഷ്കാരം ഇന്ത്യൻ ജനപ്രതിനിധികൾക്ക് ജനക്ഷേമ പ്രവർത്തനങ്ങൾ നടത്താൻ വലിയ അവസരമൊരുക്കി.

ഗാന്ധിജിയുടെ 'ഗ്രാമസ്വരാജ്'

മഹാത്മാഗാന്ധിയുടെ വികസന സങ്കൽപ്പത്തിന്റെ കേന്ദ്രബിന്ദു 'ഗ്രാമസ്വരാജ്' ആയിരുന്നു. ഗ്രാമങ്ങൾക്ക് പൂർണ്ണ സ്വയംഭരണാധികാരം നൽകുന്നതും ഖാദിയും ഗ്രാമീണ വ്യവസായങ്ങളും വഴി അവയെ സ്വയംപര്യാപ്തമാക്കുന്നതുമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ഭരണഘടനാ നിർമ്മാണ വേളയിൽ ഡോ. ബി.ആർ. അംബേദ്കർ ഉൾപ്പെടെയുള്ള നേതാക്കൾ ഈ ആശയത്തിന്റെ അന്തസ്സത്ത ഉൾക്കൊണ്ട് ഭരണഘടനയുടെ 'നിർദ്ദേശക തത്വങ്ങളിൽ' (Directive Principles) ഗ്രാമപഞ്ചായത്തുകളുടെ രൂപീകരണത്തെക്കുറിച്ച് ഉൾപ്പെടുത്തി.



സ്വാതന്ത്ര്യാനന്തര പരിണാമം

1. **കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാം** (1952): 1952 ഒക്ടോബർ 2-ന് ഗ്രാമീണ മേഖലയുടെ സാമൂഹിക-സാംസ്കാരിക വികസനം ലക്ഷ്യമാക്കി ആരംഭിച്ചു. ഇതിന്റെ ഭാഗമായി കേരളത്തിൽ 152 കമ്മ്യൂണിറ്റി ബ്ലോക്കുകൾ രൂപീകരിച്ചു. ബി.ഡി.ഓ, വി.ഇ.ഓ എന്നിവരിലൂടെ കൃഷി, ജലസേചനം, ആരോഗ്യം, സാക്ഷരത തുടങ്ങിയ മേഖലകളിൽ സമഗ്ര വികസനം നടപ്പിലാക്കി.
2. **ബൽവന്ത് റായ് മേത്ത കമ്മിറ്റി** (1957): ഉദ്യോഗസ്ഥ ഭരണത്തിന് പകരം ജനാധിപത്യ വികേന്ദ്രീകരണം വേണമെന്ന് ശുപാർശ ചെയ്തു. ഇതോടെ ബ്ലോക്ക് പഞ്ചായത്ത് സംവിധാനത്തിന് തുടക്കമായി.

73, 74 ഭരണഘടനാ ഭേദഗതികൾ: സുപ്രധാന നാഴികക്കല്ല്

1992-ൽ ശ്രീ പി.വി. നരസിംഹറാവു സർക്കാരിന്റെ കാലത്താണ് തദ്ദേശ ഭരണസംവിധാനത്തിന് ഭരണഘടനാ പദവി നൽകുന്ന 73, 74 ഭേദഗതികൾ പാർലമെന്റ് പാസാക്കുന്നത്. 1993 ജൂൺ 1 മുതൽ ഇവ പ്രാബല്യത്തിൽ വന്നു.



> കേവലം ഭരണസംവിധാനം എന്നതിലുപരി, സാധാരണക്കാരന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് പ്രവർത്തിക്കുന്ന 'പ്രാദേശിക സർക്കാരുകളായി' തദ്ദേശ സ്ഥാപനങ്ങൾ മാറിയതാണ് ഭാരതീയ ജനാധിപത്യത്തെ ലോകത്തിലെ ഏറ്റവും വലിയ മാതൃകയാക്കി മാറ്റുന്നത്.

1. 73-ാം ഭരണഘടനാ ഭേദഗതി (ഗ്രാമീണ മേഖല):

- ഭരണഘടനയിൽ ഒൻപതാം ഭാഗം ഉൾപ്പെടുത്തി; 11-ാം ഷെഡ്യൂളിൽ 29 വിഷയങ്ങൾ പഞ്ചായത്തുകൾക്ക് കൈമാറി.
- ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ ഉൾപ്പെടുന്ന ത്രിതല ഭരണസംവിധാനം നിലവിൽ വന്നു.

2. 74-ാം ഭരണഘടനാ ഭേദഗതി (നഗര മേഖല):

- ഭരണഘടനയിൽ 9-എ ഭാഗം ഉൾപ്പെടുത്തി; 12-ാം ഷെഡ്യൂളിൽ 18 വിഷയങ്ങൾ ഉൾപ്പെടുത്തി.
- നഗരപ്രദേശങ്ങളെ നഗരപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിങ്ങനെ തരംതിരിച്ചു (നിലവിൽ കേരളത്തിൽ നഗരപഞ്ചായത്തുകൾ ഇല്ലെങ്കിലും ഇന്ത്യയിലൊട്ടാകെ അയ്യായിരത്തിലധികം നഗരപഞ്ചായത്തുകളുണ്ട്. കൂടുതൽ ഉത്തർപ്രദേശിലാണ്)

ജനാധിപത്യത്തിന്റെ ശക്തിപ്പെടൽ

ഈ ഭരണഘടനാ ഭേദഗതികളിലൂടെ തദ്ദേശ സ്ഥാപനങ്ങൾക്ക് ഭരണഘടനാപരമായ പരിരക്ഷ ലഭിച്ചു:

- **സ്വതന്ത്ര സംവിധാനങ്ങൾ:** നിഷ്പക്ഷമായ തെരഞ്ഞെടുപ്പ് നടത്തിപ്പിനായി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനും, സാമ്പത്തിക വിഭജനത്തിനായി സംസ്ഥാന ധനകാര്യ കമ്മീഷനും രൂപീകരിച്ചു.
- **സാമൂഹിക പ്രാതിനിധ്യം:** പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും സ്ത്രീകൾക്കും സംവരണം ഏർപ്പെടുത്തി. ഭരണഘടന 33% വനിതാ സംവരണം വ്യവസ്ഥ ചെയ്തപ്പോൾ, കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ഇത് 50 ശതമാനമായി ഉയർത്തി

അധികാര വികേന്ദ്രീകരണത്തിലൂടെ ഗ്രാമസഭകളിൽ നിന്നും വാർഡ് കമ്മിറ്റികളിൽ നിന്നും ആരംഭിക്കുന്ന ഈ ജനാധിപത്യ പ്രക്രിയ, അടിസ്ഥാന തലത്തിലുള്ള ഓരോ പൗരനെയും ഭരണ പങ്കാളിയാക്കുന്നു. കേവലം ഭരണസംവിധാനം എന്നതിലുപരി, സാധാരണക്കാരന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് പ്രവർത്തിക്കുന്ന 'പ്രാദേശിക സർക്കാരുകളായി' തദ്ദേശ സ്ഥാപനങ്ങൾ മാറിയതാണ് ഭാരതീയ ജനാധിപത്യത്തെ ലോകത്തിലെ ഏറ്റവും വലിയ മാതൃകയാക്കി മാറ്റുന്നത്.



നാടിന്റെ പുനരുജ്ജീവന യാത്രക്ക്

PMKSY നേമം ബ്ലോക്ക്

ഓരോ ജലകണത്തിനും അതിന്റെ തുടിപ്പുൾക്കൊള്ളുന്ന നാടിന്റെ വളർച്ചയുടെയും, ജീവിതരീതികളുടെയും, പരിവർത്തനത്തിന്റെയും കഥ പറയാനുണ്ടാകും. നേമം ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയ പ്രധാനമന്ത്രി കൃഷി സിഞ്ചായീ യോജനയിലൂടെ പാരിസ്ഥിതിക പുരനുജ്ജീവനത്തിന്റെയും സാമൂഹിക ശാക്തീകരണത്തിന്റെയും വിജയഗാഥ രചിച്ചിരിക്കുകയാണ്. സുസ്ഥിരമായ ജലസംരക്ഷണം , കാലാവസ്ഥ പ്രതിരോധ ശേഷിയുള്ള , സാമ്പത്തികമായി ഉത്പാദനക്ഷമമായ നീർത്തട സംവിധാനമാണ് നീർത്തട വികസന ഘടകത്തിൽ പ്രധാനമന്ത്രി കൃഷി സിഞ്ചായീ യോജന 2.0(WDC-PMKSY) നേമം ബ്ലോക്കിൽ വിഭാവനം ചെയ്തിട്ടുള്ളത്. നേമം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ നീർത്തട പ്രദേശങ്ങളിൽ ജീവിക്കുന്ന ജനങ്ങളുടെ കാർഷിക ഉത്പാദനക്ഷമതയുടെയും, സാമൂഹിക പങ്കാളിത്തത്തിന്റെയും, സുസ്ഥിര വരുമാന ലഭ്യതയും ജീവിതോപാധിയും ഉറപ്പ് വരുത്തുന്നതിനും പ്രകൃതിദത്തമായ ജലസ്രോതസ്സുകളുടെ ഗുണവർദ്ധനവിനുമായിട്ടാണ് വിശദമായ പദ്ധതി രേഖ പ്രകാരം ലക്ഷ്യം വച്ചിരുന്നത്.

മാറ്റത്തിന്റെ തുടക്കം

2022–2026 കാലയളവിൽ, ജനപങ്കാളിത്തത്തിലൂടെ നീർത്തട വികസനത്തിന് ശക്തമായ അടിത്തറ പാകികൊണ്ട് നേമം ബ്ലോക്ക് പഞ്ചായത്തിൽ WDC-PMKSY 2.0-ന് കീഴിലുള്ള എൻട്രി പോയിന്റ് ആക്റ്റിവിറ്റികൾ (EPAs) നടപ്പിലാക്കി. കർഷകർ, സ്വയം സഹായ സംഘങ്ങൾ, ഉപഭോക്തൃ ഗ്രൂപ്പുകൾ എന്നിവർക്കൊപ്പം പ്രാദേശിക ആവശ്യങ്ങൾ മുൻനിർത്തി രൂപകൽപ്പന ചെയ്ത ഈ പ്രാരംഭ പ്രവർത്തനങ്ങൾ, ഗുണഭോക്താക്കളും നിർവ്വഹണ ഏജൻസികളും തമ്മിൽ വിശ്വാസം വളർത്തുന്നതിനും ആശയവിനിമയം മെച്ചപ്പെടുത്തുന്നതിനും സഹായിച്ചു. പ്രകൃതിവിഭവ പരിപാലനം, മണ്ണ്-ജലസംരക്ഷണം, സുസ്ഥിര കൃഷി, ഉപജീവന സാദ്ധ്യതകൾ എന്നിവയെക്കുറിച്ച്

പ്രാദേശിക സമൂഹത്തെ ബോധവൽക്കരിക്കുന്നതിൽ എൻട്രി പോയിന്റ് ആക്ടിവിറ്റികൾ ഫലപ്രദമായി പ്രവർത്തിച്ചു. ആസൂത്രണം, മേൽനോട്ടം, പരിപാലനം എന്നിവയിൽ സജീവമായ പ്രാദേശിക പങ്കാളിത്തം വളർത്തിയെടുക്കുന്നതിലൂടെ, ദീർഘകാല സാമൂഹ്യ ഉടമസ്ഥതയും പദ്ധതിയുടെ വിജയകരമായ നടത്തിപ്പും ഉറപ്പാക്കുന്ന അനുയോജ്യമായ ഒരു അന്തരീക്ഷം അത് സൃഷ്ടിച്ചു.

നീർത്തടയാത്ര

നേമം ബ്ലോക്ക് പഞ്ചായത്തിലെ PMKSY 2.0-ന്റെ ഭാഗമായി, പ്രകൃതിവിഭവ സംരക്ഷണത്തെക്കുറിച്ചും സുസ്ഥിരമായ മണ്ണു-ജല പരിപാലനത്തെക്കുറിച്ചും ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി ഒരു 'നീർത്തടയാത്ര' സംഘടിപ്പിച്ചു. കർഷകർ, കുടുംബശ്രീ അംഗങ്ങൾ, സ്കൂൾ കുട്ടികൾ, പൊതുജനങ്ങൾ എന്നിവരെ ഒന്നിച്ചുചേർത്തുകൊണ്ട് പങ്കാളിത്ത സമീപനത്തിലൂടെ കൂട്ടായ ഉത്തരവാദിത്തം പ്രോത്സാഹിപ്പിച്ചു. 'മഴവെള്ളം വീഴുന്നിടത്ത് തന്നെ സംഭരിക്കുക' എന്ന തത്വമായിരുന്നു ഈ റാലിയുടെ പ്രധാന സന്ദേശം; ഗാർഹിക-സാമൂഹിക തലത്തിലുള്ള മഴവെള്ള സംഭരണം, ഭൂഗർഭജല സംപോഷണം (groundwater recharge), മലിനീകരണ, മണ്ണൊലിപ്പ് നിയന്ത്രണത്തിനുമായി നദീ സംരക്ഷണം എന്നിവയ്ക്കാണ് യാത്ര ഊന്നൽ നൽകിയത്. കുളങ്ങളും കിണറുകളും പോലുള്ള പരമ്പരാഗത ജലാശയങ്ങളുടെ നവീകരണത്തിനും പ്രാധാന്യം നൽകുകയുണ്ടായി. കൂടാതെ, ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ ജലസേചനം, ശാസ്ത്രീയ വിള ആസൂത്രണം, മണ്ണ് സംരക്ഷണം എന്നിവ സ്വീകരിക്കാൻ കർഷകരെ പ്രോത്സാഹിപ്പിച്ചുകൊണ്ട്, കാലാവസ്ഥാ വ്യതിയാനങ്ങളെ പ്രതിരോധിക്കുന്ന കൃഷിക്കായി നീർത്തടയാത്ര പ്രബോധിപ്പിച്ചു. ആത്യന്തികമായി, സജീവമായ ജനപങ്കാളിത്തം നീർത്തടയാത്രയെ തികച്ചും ഫലപ്രദമായ ഒരു ജനകീയ മുന്നേറ്റമാക്കി മാറ്റുകയും, പ്രധാനപ്പെട്ട ജലവിഭവങ്ങളുടെ സുസ്ഥിര വികസനത്തിനും സംരക്ഷണത്തിനുമായി ദീർഘകാല പ്രാദേശിക ഉടമസ്ഥത വളർത്തിയെടുക്കുകയും ചെയ്തു.

ഗ്രീൻ റെവല്യൂഷൻ – ചൈത്രോത്സവം

നേമം ബ്ലോക്ക് പഞ്ചായത്തിൽ PMKSY 2.0-ന് കീഴിൽ, ഓണം പോലെയുള്ള ഉയർന്ന ഡിമാൻഡുള്ള സമയങ്ങളിൽ കർഷകരുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിനായി സീസണൽ കൃഷിയെ പ്രകൃതിവിഭവ മാനേജ്മെന്റുമായി സംയോജിപ്പിച്ചു. ബ്ലോക്ക് പരിധിയിലുള്ള വിളപ്പിൽ ഗ്രാമപഞ്ചായത്തിൽ ഏറെ വിജയം കണ്ട ചെണ്ടുമല്ലി, തണ്ണിമത്തൻ കൃഷികൾ പ്രോത്സാഹിപ്പിച്ചത് അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ഉൽപ്പന്നങ്ങൾക്ക് ലാഭകരമായ ഒരു പ്രാദേശിക ബദലായി മാറി. മണ്ണ്-ജല സംരക്ഷണം, ജൈവ രീതികൾ, ജൈവവളങ്ങൾ എന്നിവയുടെ പിന്തുണയോടെ നടപ്പിലാക്കിയ ഈ പദ്ധതികൾ വിളകളുടെ പ്രതിരോധശേഷി വർദ്ധിപ്പിച്ചു. കൂടാതെ, കുടുംബശ്രീ, സ്വയംസഹായ സംഘങ്ങൾ (SHGs), കർഷക ഉൽപ്പാദക സംഘടനകൾ (FPOs) എന്നിവയിൽ നിന്നുള്ള സ്ഥാപനപരമായ പിന്തുണ, ഉൽപ്പന്നങ്ങൾ ശേഖരിക്കാനും സംസ്കരിക്കാനും നേരിട്ട് വിപണിയിലെത്തിക്കാനും സ്ത്രീകളെയും യുവ കർഷകരെയും ശാക്തീകരിച്ചു.



അരുവിപ്പുറം (വിളപ്പിൽ)

PMKSY 2.0 സമഗ്ര നീർത്തട വികസന പദ്ധതി, അരുവിപ്പുറം നീർത്തട മേഖലയിൽ വിപുലമായ സുസ്ഥിര വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കി. പ്രകൃതിവിഭവ മാനേജ്മെന്റിന് (NRM)- കീഴിൽ 19 സിവിൽ സംരക്ഷണ പ്രവൃത്തികൾക്കായി ₹1,49,61,095 ചെലവഴിച്ചു. കൂടാതെ തോട്ടവിളകൾ, ബയോഗ്യാസ് പ്ലാന്റുകൾ, സംയോജിത കൃഷി എന്നിവയ്ക്കായി 230 കാർഷിക യൂണിറ്റുകളിലായി ₹6,22,226 ചെലവഴിച്ചു. പ്രൊഡക്ഷൻ സിസ്റ്റം (PS) വിഭാഗത്തിൽ ഫലവൃക്ഷത്തൈ വിതരണം, പുഷ്പകൃഷി, ഗ്രോബാഗ് പച്ചക്കറി കൃഷി, വിത്ത് കിറ്റുകൾ എന്നിവയിലൂടെ ഗാർഹിക സ്വയംപര്യാപ്തത വർദ്ധിപ്പിക്കുന്നതിന് ₹52,54,702 വിനിയോഗിച്ചു. കൂടാതെ, ഉപജീവന -ചെറുകിട സംരംഭങ്ങളുടെ പിന്തുണയ്ക്കായി (LHME) ₹40,21,550 വകയിരുത്തി; ഇത് ക്ഷീരമേഖല, ആടുവളർത്തൽ, കോഴിവളർത്തൽ, 36 സ്വയംസഹായ സംഘങ്ങൾക്കുള്ള റിവോൾവിംഗ് ഫണ്ട് എന്നിവയ്ക്കായി ഉപയോഗിച്ചു.



മണപ്പുറം (മാറനല്ലൂർ)

PMKSY 2.0 നീർത്തട പദ്ധതി, മാറനല്ലൂർ ഗ്രാമപഞ്ചായത്തിലെ ആറ് വാർഡുകളിലായി വ്യാപിച്ചുകിടക്കുന്ന മണപ്പുറം നീർത്തടത്തിലെ 676 ഹെക്ടർ ഭൂമിയെ വിജയകരമായി മാറ്റിയെടുത്തു. 93.74% സാമ്പത്തിക വിനിയോഗ അനുപാതം (₹1.37 കോടി ചെലവഴിച്ചു) കൈവരിച്ച ഈ പദ്ധതി, ഒരു പ്രധാന പൊതു കിണർ നവീകരിച്ചുകൊണ്ടാണ് (Entry Point Activities) ആരംഭിച്ചത്. പ്രകൃതിവിഭവ മാനേജ്മെന്റ് വിഭാഗത്തിൽ 11 പ്രവൃത്തികൾ നടപ്പിലാക്കി; കിണറുകൾ, കുളങ്ങൾ, തോടുകളുടെ ചരിവുകൾ എന്നിവ നവീകരിക്കുകയും 74 വീടുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുകയും ചെയ്തു. കാർഷിക ഉൽപ്പാദന സംവിധാനങ്ങളിലൂടെ തൈകൾ, വിത്ത് കിറ്റുകൾ, ഗ്രോബാഗുകൾ എന്നിവ വിതരണം ചെയ്യുകയും സംയോജിത കൃഷിയോടൊപ്പം ചെണ്ടുമല്ലി കൃഷിയെ പിന്തുണയ്ക്കുകയും ചെയ്തു. കൂടാതെ, വ്യക്തിഗത ക്ഷീരകർഷകർക്കുള്ള സഹായവും ചെറുകിട സംരംഭങ്ങൾക്കായി 12 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് (JLG) സബ്സിഡിയും നൽകി, ഇത് പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രതിരോധശേഷിയും സാമൂഹിക സ്വയംപര്യാപ്തതയും വർദ്ധിപ്പിച്ചു.



പെരുകാവ് (വിളവൂർക്കൽ)

PMKSY നീർത്തട വികസന പദ്ധതിക്ക് കീഴിൽ, പെരുകാവ് നീർത്തട മേഖലയിലെ വിളവൂർക്കൽ ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിലായി വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾക്കായി ₹1,49,58,379 ചെലവഴിച്ചു. പാരിസ്ഥിതിക സുസ്ഥിരത ശക്തിപ്പെടുത്തുന്നതിനും പ്രാദേശിക ഉപജീവനമാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുന്നതിനും കാർഷിക ശേഷി വർദ്ധിപ്പിക്കുന്നതിനുമാണ് ഈ പദ്ധതി പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചത്. മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾക്കായി പ്രകൃതിവിഭവ മാനേജ്മെന്റ് (NRM) മേഖല ₹60,12,662 വിനിയോഗിച്ചു. കൂടാതെ, പ്രാദേശിക കർഷകരെ പിന്തുണയ്ക്കുന്നതിനായി കാർഷിക പ്രവർത്തനങ്ങൾക്ക് ₹24,71,508 വകയിരുത്തി. പ്രൊഡക്ഷൻ സിസ്റ്റം (PS) ഘടകത്തിന് കീഴിൽ ₹33,01,709 ചെലവഴിച്ചു. കുടുംബങ്ങളുടെ സാമ്പത്തിക ഭദ്രത ശക്തിപ്പെടുത്തുന്നതിനായി, ഉപജീവനമാർഗ്ഗം (LH) വികസിപ്പിക്കുന്ന പ്രവർത്തനങ്ങളിൽ ₹31,72,500 നിക്ഷേപിച്ചു, ഇത് ജനങ്ങൾക്ക് സുസ്ഥിരമായ വരുമാന മാർഗ്ഗങ്ങൾ നൽകാൻ സഹായിച്ചു

മുക്കുനട (മലയിൻകീഴ്)

1,457 ഹെക്ടർ വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്ന മുക്കുനട നീർത്തട പദ്ധതി, മണ്ണിലെ ഈർപ്പവും ജല ലഭ്യതയും കാർഷിക അഭിവൃദ്ധിയും വർദ്ധിപ്പിക്കുന്നതിനായി വിപുലമായ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി. പ്രകൃതിവിഭവ മാനേജ്മെന്റിന് (NRM) കീഴിൽ, ജലപ്രവാഹവും കൃഷിഭൂമിയുടെ അന്തരീക്ഷവും മെച്ചപ്പെടുത്തുന്നതിനായി 17 പൊതുമരാമത്ത് പ്രവൃത്തികൾക്കായി ₹1.75 കോടി ചെലവഴിച്ചു. പരിസ്ഥിതി സൗഹൃദ സംരംഭങ്ങളുടെ ഭാഗമായി 80 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കൽ (₹14.58 ലക്ഷം), ഫലവൃക്ഷ തൈകൾ നടൽ (₹3.52 ലക്ഷം), കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി 50 ഇടവിള കൃഷി യൂണിറ്റുകൾ (₹2.40 ലക്ഷം) എന്നിവ നടപ്പിലാക്കി. കൂടാതെ, കാർഷിക ഉൽപ്പാദന, ഉപജീവന പദ്ധതികളിലായി ₹52.31 ലക്ഷം വിനിയോഗിച്ചു - ഇതിലൂടെ 858 മൺപാത്രങ്ങൾ വിതരണം ചെയ്യുകയും, 1,024 കൃഷി യൂണിറ്റുകളെ സഹായിക്കുകയും, ഗുണഭോക്താക്കൾക്ക് ക്ഷീരമൃഗങ്ങളെയും തയ്യൽ മെഷീനുകളും നൽകുകയും, 33 സ്വയംസഹായ സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് ലഭ്യമാക്കുകയും ചെയ്തു.

ചൂഴാറ്റുകോട്ട (പള്ളിച്ചൽ)

പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ ഏഴ് വാർഡുകളിലായി 425 ഹെക്ടറിൽ വ്യാപിച്ചുകിടക്കുന്ന ചൂഴാറ്റുകോട്ട നീർത്തട പദ്ധതി, അനുവദിച്ച 76.84 ലക്ഷം രൂപയിൽ 76.22 ലക്ഷം രൂപ വിനിയോഗിച്ച് 99.19% സാമ്പത്തിക ലക്ഷ്യം കൈവരിച്ചു. പ്രകൃതിവിഭവ പരിപാലനത്തിന് (NRM) കീഴിൽ തോടുകളുടെയും കുളങ്ങളുടെയും നവീകരണം, കിണറുകളുടെ പുനരുദ്ധാരണം, ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ, ഫലവൃക്ഷത്തൈ വിതരണം, ഇടവിള കൃഷി, 'പച്ചത്തുരുത്ത്' നിർമ്മാണം എന്നിവ പ്രധാന



പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. ഉപജീവന പദ്ധതികൾ വഴി വളർത്തുമൃഗങ്ങളുടെ വിതരണം, മത്സ്യകൃഷി, ഉപകരണ പിന്തുണ, സ്വയംസഹായ സംഘങ്ങൾക്കുള്ള റിവോൾവിംഗ് ഫണ്ട് എന്നിവയിലൂടെ പ്രദേശവാസികളെ ശാക്തീകരിച്ചു. വിളകൃഷി, വിത്ത് കിറ്റുകൾ, നഴ്സറി സജ്ജീകരണങ്ങൾ, സംയോജിത കൃഷി എന്നിവയിലൂടെ കാർഷിക ഉൽപ്പാദനം (PS) വർദ്ധിപ്പിച്ചു. വന്യജീവികളിൽ നിന്നുള്ള തടസ്സങ്ങൾ പോലുള്ള വെല്ലുവിളികൾ നേരിട്ടെങ്കിലും, കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിലൂടെ 100% പൂർത്തീകരണം ഉറപ്പാക്കുകയും ഭാവിയിലെ വിപുലമായ ഇടപെടലുകൾക്ക് വഴിയൊരുക്കുകയും ചെയ്യും.

കൊല്ലോട് (കാട്ടാക്കട)

കൊല്ലോട് നീർത്തട മേഖലയിൽ, അനുവദിച്ച 1.35 കോടി രൂപയിൽ 1.30 കോടി രൂപ വിനിയോഗിച്ച് നടപ്പിലാക്കിയ വിവിധ മേഖലകളിലെ വികസന പദ്ധതികൾ പരിസ്ഥിതി സംരക്ഷണവും പ്രാദേശിക ഉപജീവനമാർഗ്ഗങ്ങളും വിജയകരമായി മെച്ചപ്പെടുത്തി. പ്രകൃതിവിഭവ പരിപാലനത്തിന്റെ (NRM) ഭാഗമായി തോടുകളുടെ വശങ്ങൾ സംരക്ഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കും പൊതു കിണറുകൾ നവീകരിക്കുന്നതിനുമായി 66.96 ലക്ഷം രൂപയും, 53 ബയോഗ്യാസ് യൂണിറ്റുകൾ, സ്ലറി കിറ്റുകൾ, ഫലവൃക്ഷത്തൈകൾ എന്നിവയ്ക്കായി 11.94 ലക്ഷം രൂപയും ചെലവഴിച്ചു. ഉപജീവന പരിപാടികളിൽ 24.87 ലക്ഷം രൂപ നിക്ഷേപിക്കുകയും, 425 കുടുംബങ്ങൾക്ക് വളർത്തുമൃഗങ്ങളെയും കോഴികളെയും വിതരണം ചെയ്യുകയും മത്സ്യകൃഷിയെ പിന്തുണയ്ക്കുകയും ചെയ്തു. വിളകൃഷി, ജൈവവളം, സംയോജിത കൃഷി എന്നിവയ്ക്കായി കാർഷിക പദ്ധതികൾ വഴി 25.80 ലക്ഷം രൂപ വിനിയോഗിച്ചു. നിലവിൽ, ബാക്കിയുള്ള 5.00 ലക്ഷം രൂപ 2026-27 സാമ്പത്തിക വർഷത്തിൽ നടക്കുന്ന മുളയ്ക്കൽ തോട് എക്കൽ നീക്കൽ (desilting) പ്രവർത്തനങ്ങൾക്കായി വകയിരുത്തിയിട്ടുണ്ട്.

എരുത്താവൂർ (ബാലരാമപുരം)

ബാലരാമപുരം ഗ്രാമപഞ്ചായത്തിലെ എരുത്താവൂർ കുന്നിന്റെ വടക്കൻ ചരിവിൽ സ്ഥിതി ചെയ്യുന്ന എരുത്താവൂർ നീർത്തടം 11.88 ഹെക്ടർ വിസ്തൃതിയിൽ വ്യാപിച്ചുകിടക്കുന്നതും 24 കുടുംബങ്ങൾ താമസിക്കുന്നതുമാണ്. നേമം ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ പ്രവർത്തിക്കുന്ന ഈ നീർത്തടത്തിൽ, പ്രാദേശിക ജീവിതനിലവാരം ഉയർത്തുന്നതിനായി ആകെ 1.28 ലക്ഷം രൂപയുടെ ലക്ഷ്യബോധത്തോടെയുള്ള വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി. പ്രകൃതിവിഭവ പരിപാലന (NRM) ഇടപെടലുകളിൽ അഞ്ച് ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കലും (97,215) ഇടവിള കൃഷി നടപ്പിലാക്കലും ഉൾപ്പെടുന്നു. ഉൽപ്പാദന സംവിധാന (PS) ഘടകം പച്ചക്കറി ഗ്രോ-ബാഗ് കിറ്റുകൾ, തെങ്ങിൻ തൈകൾ, പോഷകാഹാര കിറ്റുകൾ എന്നിവ വിതരണം ചെയ്തുകൊണ്ട് കൃഷിയെ പ്രോത്സാഹിപ്പിച്ചു. കൂടാതെ, ഉപജീവന, സൂക്ഷ്മ സംരംഭകത്വ (LHME)



പിന്തുണ വഴി 4 ആട് വളർത്തൽ യൂണിറ്റുകൾ, 1 പശു വളർത്തൽ യൂണിറ്റ്, കോഴി വളർത്തൽ സജ്ജീകരണങ്ങൾ എന്നിവ നൽകി മൃഗപരിപാലനത്തിലൂടെയും ക്ഷീരവികസനത്തിലൂടെയും കുടുംബങ്ങളെ ശാക്തീകരിച്ചു.



കടുക്കാമൂട് (വെള്ളനാട്)

വെള്ളനാട് ഗ്രാമപഞ്ചായത്തിലെ PMKSY കടുക്കാമൂട് നീർത്തട വികസന പദ്ധതി പ്രകൃതിവിഭവ സംരക്ഷണം, സുസ്ഥിര കൃഷി, കമ്മ്യൂണിറ്റി ഉപജീവന മെച്ചപ്പെടുത്തൽ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. നാച്ചുറൽ റിസോഴ്സ് മാനേജ്മെന്റിന് (NRM) കീഴിൽ, തോടിന്റെ വശങ്ങളിലെ സംരക്ഷണ ഭിത്തി നിർമ്മാണം മണ്ണൊലിപ്പ് തടയുന്നതിനായി നടപ്പിലാക്കി (അനുവദിച്ച ₹3,00,000-ൽ ₹2,99,974 വിനിയോഗിച്ചു). പ്രൊഡക്ഷൻ സിസ്റ്റം സംരംഭങ്ങൾ; വാഴകൃഷി, ഗ്രോ-ബാഗ് കൃഷി, വിത്ത് കിറ്റുകൾ, തൈ വിതരണം എന്നിവയിലൂടെ സുസ്ഥിര കൃഷിയും ഗാർഹിക സ്വയംപര്യാപ്തതയും പ്രോത്സാഹിപ്പിച്ചു. കൂടാതെ, ഉപജീവന ഘടകങ്ങൾ കന്നുകാലി, ആട് വളർത്തൽ സഹായത്തിലൂടെ ഗാർഹിക വരുമാനം വർദ്ധിപ്പിച്ചു.

പൊന്നെടുത്താംകുഴി (പൂവച്ചൽ)

പൊന്നെടുത്താംകുഴി നീർത്തടത്തിലെ PMKSY WDC 2.0 പദ്ധതി, പ്രകൃതിവിഭവങ്ങൾ, കൃഷി, ഉപജീവനം എന്നിവയിലുടനീളം വിവിധ വികസന സംരംഭങ്ങൾ നടപ്പിലാക്കി. പ്രകൃതിവിഭവ പരിപാലനത്തിന് കീഴിൽ (37.86 ലക്ഷം), മണ്ണിന്റെ ഗുണനിലവാരവും ഭൂഗർഭജല സംപോഷണവും വർദ്ധിപ്പിക്കുന്നതിനായി അരുവികളുടെ സംരക്ഷണ ഭിത്തികൾ, പൊതു കിണർ നവീകരണം, നീരുറവ സംരക്ഷണം, ഇടവിള കൃഷി, ബയോഗ്യാസ് സ്ഥാപിക്കൽ എന്നിവ പൂർത്തിയാക്കി. പ്രൊഡക്ഷൻ സിസ്റ്റം ഘടകം (10.62 ലക്ഷം) സംയോജിത കാർഷിക സബ്സിഡികൾ, വാഴകൃഷി, ജൈവവളങ്ങൾ, തൈ വിതരണം എന്നിവയിലൂടെ കാർഷിക വിളവ് വർദ്ധിപ്പിച്ചു. കൂടാതെ, ഉപജീവന പിന്തുണ (10.65 ലക്ഷം) കോഴി, ആട്, കന്നുകാലി വളർത്തൽ, തൊഴുത്ത് നവീകരണം, നാല് കുടുംബശ്രീ സ്വയംസഹായ സംഘങ്ങളുടെ ചെറുകിട സംരംഭങ്ങൾക്ക് ധനസഹായം എന്നിവ നൽകി പ്രാദേശിക കുടുംബങ്ങളെ ശാക്തീകരിച്ചു.

ട്രൈക്കോഡെർമ സമ്പുഷ്ടീകരിച്ച ചാണകപ്പൊടി

നേമം ബ്ലോക്ക് പഞ്ചായത്തിലെ PMKSY 2.0-ന് കീഴിൽ, സുസ്ഥിരവും പരിസ്ഥിതി സൗഹൃദവുമായ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിളപ്പിൽ, മലയിൻകീഴ് ഗ്രാമപഞ്ചായത്തുകളിൽ സമ്പുഷ്ടീകരിച്ച ജൈവവള ഉൽപ്പാദന യൂണിറ്റുകൾ സ്ഥാപിച്ചു. കർഷകർ, സ്വയംസഹായ സംഘങ്ങൾ (SHGs), ജീവനി FPO എന്നിവർക്കൊപ്പം നടപ്പിലാക്കിയ ഈ യൂണിറ്റുകൾക്ക് ഒരു യൂണിറ്റിന് ശരാശരി 4-5 ടൺ ഉൽപ്പാദന ശേഷിയുണ്ട് (കിലോയ്ക്ക് ഏകദേശം 30 രൂപ നിരക്കിൽ ലഭിക്കും). പ്രാദേശിക വാഴ, പച്ചക്കറി, പൂവ്, പഴവർഗ്ഗ തോട്ടങ്ങളിൽ ഇത് വ്യാപകമായി ഉപയോഗിക്കുന്നത് രാസവസ്തുക്കളുടെ ഉപയോഗവും ജലമലിനീകരണ സാധ്യതയും ലഘൂകരിക്കുന്നതോടൊപ്പം വിള വളർച്ചയും മണ്ണിന്റെ ഫലഭൂയിഷ്ഠതയും ഗണ്യമായി വർദ്ധിപ്പിച്ചു. കേരള കാർഷിക സർവ്വകലാശാലയിൽ നിന്നുള്ള സാങ്കേതിക മാർഗ്ഗനിർദ്ദേശം മുഖേന കർഷകർക്ക് കൃത്യമായ തയ്യാറെടുപ്പുകളും പ്രയോഗ രീതികളും നൽകി.

SHG അധിഷ്ഠിത ഫുഡ് പ്രൊസസിംഗും ഉപജീവന വികസനവും

PMKSY 2.0-ന് കീഴിൽ, അഞ്ച് അംഗങ്ങളുള്ള കൃപ ബേക്കറി യൂണിറ്റ്, മിക്സ്ചർ, അച്ചപ്പം, ജിലേബി, ലഡ്ഡു തുടങ്ങിയ ഗുണനിലവാരമുള്ള പരമ്പരാഗത ലഘുഭക്ഷണങ്ങൾ നിർമ്മിച്ച് വിജയകരമായ SHG സംരംഭകത്വത്തിന് മാതൃകയാകുന്നു. പങ്കാളിത്ത മാനേജ്മെന്റ് സിസ്റ്റത്തിന് കീഴിൽ പ്രവർത്തിക്കുന്ന ഈ ഗ്രൂപ്പ് ശക്തമായ സാമ്പത്തിക അച്ചടക്കവും കർശനമായ ശുചിത്വ മാനദണ്ഡങ്ങളും പാലിക്കുന്നു. പത്തുവർഷത്തെ പൊതുവിശ്വാസത്തിന്റെ പിൻബലത്തിൽ, ഈ സംരംഭം പരമ്പരാഗത പാചകരീതികൾ സംരക്ഷിക്കുന്നതോടൊപ്പം സുസ്ഥിരമായ ബിസിനസ്സ് മോഡൽ സ്ഥാപിക്കുകയും ചെയ്യുന്നു.

അംഗങ്ങളായ സംരംഭകരെ ശാക്തീകരിക്കുന്നതിന് പുറമെ, ഏകദേശം 12 അധിക തൊഴിലാളികൾക്ക് പതിവായി ജോലി നൽകിക്കൊണ്ട് ബേക്കറി യൂണിറ്റ് പ്രാദേശിക സമ്പദ്വ്യവസ്ഥയെ ഉത്തേജിപ്പിക്കുന്നു. ഉൽപ്പാദന രീതികൾ, ഗുണനിലവാര നിയന്ത്രണം, ബിസിനസ് മാനേജ്മെന്റ് എന്നിവയിൽ പ്രായോഗിക പരിശീലനത്തോടൊപ്പം PMKSY 2.0 നിർണായക സാമ്പത്തിക പിന്തുണ നൽകി.



നേമം ജീവനി FPO-യുടെ ശാക്തീകരണം

WDC-PMKSY 2.0-ന് കീഴിൽ, നേമം ജീവനി ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷന് (FPO) നേമം ബ്ലോക്ക് പഞ്ചായത്ത് പരിധിക്കുള്ളിൽ അതിന്റെ സ്ഥാപന ശേഷി, യന്ത്രസാമഗ്രികൾ, മൂല്യവർദ്ധനവ് എന്നിവ ശക്തിപ്പെടുത്തുന്നതിനായി 9 ലക്ഷം രൂപ സാമ്പത്തിക സഹായം ലഭിച്ചു. പ്രാദേശിക കാർഷിക വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഭക്ഷ്യ സംസ്കരണം, പാക്കേജിംഗ്, വിപണനം എന്നിവയിൽ കർഷകർക്ക് FPO പരിശീലനം നൽകുന്നു. കൂടാതെ, പ്രധാന പ്രതിനിധികൾ ഹൈദരാബാദിലെ NIRDPR-ൽ ആധുനിക മാനേജ്മെന്റ്, IoT അധിഷ്ഠിത കൃഷി, ഇ-മാർക്കറ്റിംഗ് തന്ത്രങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് പ്രത്യേക പരിശീലനം നേടി.

കൺവേർജൻസ് (സംയോജനം) നേമം ബ്ലോക്ക് പഞ്ചായത്തിലെ PMKSY 2.0-മറ്റ് ഏജൻസികളുമായി കൺവേർജൻസിലൂടെ മാത്രം 25 കോടിയിലധികം രൂപയുടെ വകുപ്പുതല പിന്തുണ സമാഹരിക്കുയുണ്ടായി.

MGNREGS പിന്തുണ: നീരുറവകളിലെ എക്കൽ നീക്കം ചെയ്യൽ, കുളങ്ങൾ നവീകരിക്കൽ, കൃഷി/പുഷ്പകൃഷിക്കായി ഭൂമി ഒരുക്കൽ, തൈകൾ നടൽ, തൊഴുത്തുകൾ നിർമ്മിക്കൽ, കളകൾ നീക്കം ചെയ്യൽ എന്നിവയ്ക്കായി നിർണായകമായ തൊഴിൽ സഹായം ലഭിച്ചു.

കാർഷിക വകുപ്പ്: ഗുണനിലവാരമുള്ള വിത്തുകൾ, നടീൽ വസ്തുക്കൾ, ജൈവവളം, വിള സംരക്ഷണ മാർഗ്ഗനിർദ്ദേശം, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ (FPO) വഴിയുള്ള വിപണന പിന്തുണ എന്നിവ നൽകി.

മത്സ്യബന്ധന കൺവേർജൻസ്: നവീകരിച്ച കുളങ്ങളിലും ജലാശയങ്ങളിലും വളർത്തുന്നതിനായി മീൻ കുഞ്ഞുങ്ങളെ വിതരണം ചെയ്തു.

മൃഗസംരക്ഷണ വകുപ്പ്: കന്നുകാലികൾ, പശുക്കൾക്കുള്ള ഉപകരണങ്ങൾ, സാങ്കേതിക പരിചരണം എന്നിവ നൽകി മൃഗസംരക്ഷണ ഉപജീവനമാർഗ്ഗങ്ങൾ മെച്ചപ്പെടുത്തി.

നാച്ചുറൽ റിസോഴ്സ് മാനേജ്മെന്റ് (NRM) പ്രവർത്തനങ്ങൾ

PMKSY 2.0-ന് കീഴിൽ 2022 മുതൽ 2026 വരെ നേമം ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയ നാച്ചുറൽ റിസോഴ്സ് മാനേജ്മെന്റ് (NRM) ഇടപെടലുകൾ കടുത്ത ജലക്ഷാമം, മണ്ണൊലിപ്പ്, കുറഞ്ഞ കാർഷിക ഉൽപ്പാദനക്ഷമത എന്നിവയെ ഫലപ്രദമായി പരിഹരിച്ചു. പദ്ധതി ,അരുവികൾ പുനഃസ്ഥാപിക്കുകയും കിണറുകളും ഫാം കുളങ്ങളും നവീകരിക്കുകയും ചെക്ക് ഡാമുകൾ നിർമ്മിക്കുകയും മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. ഈ നടപടികൾ മണ്ണൊലിപ്പ് ഗണ്യമായി കുറയ്ക്കുകയും ഭൂഗർഭജല സംപോഷണം വർദ്ധിപ്പിക്കുകയും

ചെയ്തു.

മെച്ചപ്പെട്ട ജലലഭ്യത കർഷകരെ കൃഷിക്ക് ജലസേചനം നൽകാൻ സഹായിച്ചു. കൂടാതെ, ബയോഗ്യാസ് യൂണിറ്റുകൾ സംയോജിപ്പിച്ചത് ജൈവ വള ഉപയോഗം പ്രോത്സാഹിപ്പിച്ചു. സ്വയംസഹായ സംഘങ്ങളിലുടനീളമുള്ള സജീവമായ ജനപങ്കാളിത്തം സ്വത്തുക്കളുടെ കൃത്യമായ പരിപാലനം ഉറപ്പാക്കി.

നേമം PIA സ്പോട്ട്‌ലൈറ്റ്

കാർഷിക, നീർത്തട പദ്ധതികൾ ഉൾപ്പെടെയുള്ള വിവിധ മേഖലകളിൽ നടപ്പിലാക്കിയ മാതൃകാപരമായ സംരംഭങ്ങൾ കാരണം നേമം ബ്ലോക്ക് പഞ്ചായത്ത് ദേശീയ, സംസ്ഥാന തല ഉദ്യോഗസ്ഥരുടെയും പഠന സംഘങ്ങളുടെയും ശ്രദ്ധ പിടിച്ചുപറ്റി. നീർത്തട പരിപാലനം, കിണർ റീചാർജിംഗ്, ചെക്ക് ഡാമുകളുടെ നിർമ്മാണം എന്നിവയിലൂടെ ഭൂഗർഭജലനിരപ്പിൽ ഗണ്യമായ വർദ്ധനവ് കൈവരിക്കാൻ കഴിഞ്ഞു. കൂടാതെ, തരിശുഭൂമി കൃഷിഭൂമിയാക്കി മാറ്റിയും ജൈവകൃഷി പ്രോത്സാഹിപ്പിച്ചും കുടുംബശ്രീ വഴി ഗ്രൂപ്പ് കൃഷി പ്രോത്സാഹിപ്പിച്ചും കാർഷിക മേഖലയ്ക്ക് പുതിയ ജീവൻ നൽകി.

ഗ്രീൻ ഐലറ്റ് (ഹരിത തുരുത്ത്)

പരിസ്ഥിതി സംരക്ഷണത്തിന്റെയും ഹരിത വികസന പ്രവർത്തനങ്ങളുടെയും ഭാഗമായി പള്ളിച്ചൽ SRS സ്കൂളിലും കടമ്പുപാറയിലും 'ഗ്രീൻ ഐലറ്റ്' പരിപാടി വിജയകരമായി സംഘടിപ്പിച്ചു. സ്കൂൾ കാമ്പസിനുള്ളിൽ ചെറിയൊരു ഹരിതമേഖല വികസിപ്പിക്കാനും വിദ്യാർത്ഥികൾക്കും പ്രാദേശിക സമൂഹത്തിനും ഇടയിൽ പരിസ്ഥിതി അവബോധം സൃഷ്ടിക്കാനുമാണ് പരിപാടി ലക്ഷ്യമിട്ടത്. അശോകം, തേക്ക്, പേരകം, വേപ്പ്, ഗവിയോള തുടങ്ങി വിവിധ തരം വൃക്ഷത്തൈകൾ സ്കൂൾ വളപ്പിൽ നട്ടുപിടിപ്പിച്ചു.

കർഷകരുടെ സാങ്കേതിക മുന്നേറ്റം

സുസ്ഥിര വികസനത്തെക്കുറിച്ചുള്ള ഏകദിന സെമിനാർ: PMKSY 2.0-ന് കീഴിലുള്ള സുസ്ഥിര വികസനത്തെക്കുറിച്ച് ജനപ്രതിനിധികൾക്കായി നേമം ബ്ലോക്ക് പഞ്ചായത്ത് ഏകദിന സെമിനാർ സംഘടിപ്പിച്ചു. സ്മാർട്ട് അഗ്രികൾച്ചറിലെ IoT ആപ്ലിക്കേഷനുകൾ, ജലസേചന പരിപാലനം, ഗാർഹിക മാലിന്യ സംസ്കരണം, വയോജന പരിചരണം, കുടിവെള്ള പരിഹാരങ്ങൾ എന്നിവ സെഷനുകളിൽ ഉൾപ്പെടുത്തി.

മൂന്ന് ദിവസത്തെ എക്സ്പോഷർ കം കപ്പാസിറ്റി ബിൽഡിംഗ് ട്രെയിനിംഗ്: WDC-PMKSY 2.0 FPO-കൾക്കും SHG-കൾക്കുമായി മൂന്ന് ദിവസത്തെ പരിശീലനം 2026 ജൂലൈ 22–24 വരെ ഹൈദരാബാദിലെ TGIRD-ൽ നടന്നു. ബിസിനസ് പ്ലാനിംഗ്, സാമ്പത്തിക മാനേജ്മെന്റ്, ഡിജിറ്റൽ മാർക്കറ്റിംഗ് എന്നിവ വിഷയങ്ങളിൽ ഉൾപ്പെടുന്നു.



ആധുനിക ജലസേചന രീതികളെക്കുറിച്ചുള്ള ദ്വിദിന പരിശീലന പരിപാടി: CWRDM കോഴിക്കോട് സംഘടിപ്പിച്ച (2026 ജൂൺ 30 – ജൂലൈ 1) ദ്വിദിന പരിശീലനം 25 കർഷകർക്കും ഉദ്യോഗസ്ഥർക്കും കൃത്യതയുള്ള മൈക്രോ ഇറിഗേഷൻ, ഫെർട്ടിഗേഷൻ, IoT അധിഷ്ഠിത അഗ്രോ-മീറ്റിയോറോളജി എന്നിവയിൽ പരിശീലനം നൽകി.

PMKSY-ക്ക് കീഴിലുള്ള അഗ്രോ-ഇൻഡസ്ട്രിയൽ സ്കിൽ ട്രാൻസ്ഫർ: വെള്ളാനിക്കര KAU അഗ്രി ബിസിനസ് ഇൻകുബേറ്ററിൽ 'ഫുഡ് പ്രൊസസിംഗ് എന്റർപ്രൈസ് ഡെവലപ്മെന്റ്' എന്ന വിഷയത്തിൽ ദ്വിദിന പ്രായോഗിക പരിശീലനം നൽകി (2026 ജൂൺ 11-12). സോളാർ ഡ്രൈയിംഗ്, വാക്വം ഫ്രൈഡ് കോക്കനട്ട് ചിപ്സ്, കൊമേഴ്സ്യൽ ജാം നിർമ്മാണം എന്നിവയിൽ കർഷകർക്കും വനിതാ സ്വയംസഹായ സംഘാംഗങ്ങൾക്കും പരിശീലനം നൽകി.

വാഴകൃഷിയെയും മൂല്യവർദ്ധനവിനെയും കുറിച്ചുള്ള പരിശീലന പരിപാടി: 2026 സെപ്റ്റംബർ 1-ന് KAU-ന്റെ കണ്ണാറ ബനാന റിസർച്ച് സ്റ്റേഷനിൽ ഏകദിന നൈപുണ്യ വികസന പരിശീലന പരിപാടി നടന്നു. ശാസ്ത്രീയ വാഴകൃഷി, ഫാം തല ഉൽപ്പാദന ക്ഷമത സാങ്കേതികവിദ്യകൾ, വിളവെടുപ്പാനന്തര പരിപാലനം എന്നിവയിൽ പ്രായോഗിക പരിശീലനം നൽകി.

നേട്ടങ്ങൾ (നേമം ബ്ലോക്ക് പഞ്ചായത്ത്)

WDC-PMKSY 2.0-ന്റെ മികച്ച കമ്മ്യൂണിറ്റി അധിഷ്ഠിത നടത്തിപ്പ്, നീർത്തട വികസനം, IoT സ്വീകാര്യത, ഉപജീവന ശാക്തീകരണം എന്നിവയിലെ മികവിന് പ്രിൻസിപ്പൽ സെക്രട്ടറിയിൽ നിന്ന് 2025-ലെ ജൻഭാഗീദാരി കപ്പ് നേടി.

സുതാര്യമായ ഭരണം, PMKSY ജലസംരക്ഷണം, ഇന്ത്യയിലെ ആദ്യത്തെ IoT അധിഷ്ഠിത ബ്ലോക്ക് ആയി മാറിയത് എന്നിവയ്ക്ക് കേരളത്തിൽ ഒന്നാം റാങ്ക് നേടി സ്വരാജ് ട്രോഫിയും ₹50 ലക്ഷവും നേടി.

പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളിൽ അക്കൗണ്ടിംഗ് പരിഷ്കാരങ്ങൾ പ്രോത്സാഹിപ്പിച്ചതിന് നേമം ബ്ലോക്ക് പഞ്ചായത്ത് ICAI അവാർഡ് നേടി.

PMKSY WDC 2.0 പദ്ധതിയുടെ അന്തിമ ഫലങ്ങൾ

കൃഷി: വിവിധ ജലസംരക്ഷണ ഘടനകൾ വഴി ജലസേചന വിസ്തൃതി ഗണ്യമായി വർദ്ധിച്ചു. കാർഷിക ഉൽപന്നങ്ങളുടെ അളവിലും വൈവിധ്യത്തിലും ശ്രദ്ധേയമായ വർദ്ധനവ് ഉണ്ടായി. ജൈവകൃഷി രീതികൾ സ്വീകരിച്ചു.

തോട്ടവിളകൾ: പഴങ്ങളും സുഗന്ധവ്യഞ്ജനങ്ങളും ഉൾപ്പെടെയുള്ള തോട്ടവിളകൾ ഉൽപ്പാദനത്തിൽ ഗണ്യമായ വർദ്ധനവ്.

പ്രകൃതിവിഭവങ്ങൾ: മേച്ചിൽപ്പുറ വിസ്തൃതി വർദ്ധിച്ചു, ഇത് മികച്ച തീറ്റ ലഭ്യത ഉറപ്പാക്കുന്നു. ജലാശയങ്ങൾ ശക്തിപ്പെടുത്തിയത് കൃഷിക്കും ഗാർഹിക ആവശ്യത്തിനുമായി വർഷം മുഴുവൻ ജലലഭ്യത ഉറപ്പാക്കി.

മൃഗസംരക്ഷണ മേഖല: മെച്ചപ്പെട്ട ഇനങ്ങൾ, ഉയർന്ന പാൽ ഉൽപ്പാദനം എന്നിവയുള്ള ഡയറി യൂണിറ്റുകളുടെ എണ്ണം വർദ്ധിച്ചു. കറവപ്പശുക്കളുടെ പാൽ ഉൽപ്പാദനം പ്രതിദിനം 5-6 ലിറ്ററായി വർദ്ധിച്ചു.

തീറ്റ പുല്ല്: കർഷകർ ഗുണനിലവാരമുള്ള തീറ്റപ്പുല്ല് വിത്തുകളും കൃഷിയും സ്വീകരിച്ചു.

തേനീച്ച വളർത്തൽ: ശാസ്ത്രീയമായി തേനീച്ച വളർത്തലിൽ ഏർപ്പെടുന്ന കർഷകരുടെ എണ്ണം വർദ്ധിച്ചു.

ചെറുകിട സംരംഭങ്ങൾ: സ്ത്രീകളുടെ വരുമാനം വർദ്ധിക്കുകയും സ്വയംസഹായ സംഘങ്ങളിലും സംരംഭങ്ങളിലും അവരുടെ പങ്കാളിത്തം സജീവമാകുകയും ചെയ്തു. നഴ്സറികൾ, തേൻ, പഴ സംസ്കരണ യൂണിറ്റുകൾ എന്നിവ സ്ഥാപിച്ചു.

വിപണന സൗകര്യം: പച്ചക്കറികൾ, പഴങ്ങൾ, പാൽ, തേൻ എന്നിവയ്ക്കായി ശേഖരണ കേന്ദ്രങ്ങൾ സ്ഥാപിച്ചു. സംഭരണ കേന്ദ്രങ്ങൾ വഴി വിളവെടുപ്പാനന്തര നഷ്ടം കുറച്ചു.

നേമം ബ്ലോക്ക് പഞ്ചായത്തിലുടനീളമുള്ള WDC-PMKSY 2.0 നീർത്തട പദ്ധതിയുടെ നടത്തിപ്പ് പ്രകൃതി വിഭവ പരിപാലനം, കാലാവസ്ഥാ പ്രതിരോധം, അടിസ്ഥാന ഘടകങ്ങളിലെ ഭരണസംവിധാനം എന്നിവയിൽ ഒരു പുതിയ മാറ്റത്തിന് തുടക്കം കുറിക്കുന്നതിനും, സംസ്ഥാന- കേന്ദ്ര, സി.എസ്.ആർ സംരംഭങ്ങളുടെ സംയോജനത്തിലൂടെ 25 കോടിയിലധികം രൂപയുടെ വികസനം നടപ്പിലാക്കുകയും ഇന്ത്യയിലെ ആദ്യത്തെ IoT അധിഷ്ഠിത ബ്ലോക്ക് പഞ്ചായത്താവുന്നതിനും സ്വരാജ് ട്രോഫി, ജൻ ഭാഗീദാരി കപ്പ് എന്നിവ നേടുന്നതിനും തുടങ്ങി ചരിത്രപരമായ നാഴികക്കല്ലുകൾ കൈവരിക്കുന്നതിന് ഈ പ്രവൃത്തികളിലൂടെ ബ്ലോക്ക് പഞ്ചായത്തിന് സാധിച്ചു എന്നത് ജനപ്രതിനിധികളുടെയും ജീവനക്കാരുടെയും കൂട്ടായ പരിശ്രമത്തിന്റെ ഫലമാണെന്ന് നിസംശയം പറയാം.

വിജയകരമായ പ്രവർത്തനങ്ങളിലൂടെ ആർജ്ജിച്ചെടുത്ത ആസ്തിവകകൾ നിലനിർത്തുന്നതിനും ആധുനിക സാങ്കേതിക സംയോജനങ്ങളെ വികസിപ്പിക്കുന്നതിനും വരും തലമുറകൾക്കായി നമ്മുടെ പ്രകൃതിദത്ത പൈതൃകത്തെ സംരക്ഷിക്കുന്നതിനും നേമം ബ്ലോക്ക് പഞ്ചായത്തിനും പ്രോജക്ട് ഇംപ്ലിമെന്റിംഗ് ഏജൻസിക്കും (PIA) കഴിയട്ടെയെന്ന് പ്രത്യാശിക്കാം.

ഫണ്ട് വിനിയോഗം കാര്യക്ഷമമാകണം: മന്ത്രി കെ എം ഷാജി




തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ഫണ്ടുകൾ കാര്യക്ഷമമായും കൃത്യമായും വിനിയോഗിക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി കെ എം ഷാജി. 16-ാം കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റുമായി ബന്ധപ്പെട്ട് കോർപ്പറേഷൻ, മുനിസിപ്പാലിറ്റി അധ്യക്ഷർക്കും സെക്രട്ടറിമാർക്കും തിരുവനന്തപുരത്ത് സെപ്റ്റംബർ 16നു സംഘടിപ്പിച്ച ഏകദിന ശിൽപ്പശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

തദ്ദേശ സ്ഥാപനങ്ങൾ ഗുണനിലവാരമുള്ള പദ്ധതികൾ സമർപ്പിച്ച് ഫണ്ട് വിനിയോഗം കൃത്യമാക്കണം. സംസ്ഥാനത്തെ ഭൂപ്രകൃതി അനുസരിച്ച് ഓരോ പഞ്ചായത്തുകളിലും വികസന സാധ്യത വ്യത്യസ്തമായിരിക്കും. തങ്ങൾ നടപ്പിലാക്കുന്ന വികസനങ്ങളെക്കുറിച്ചുള്ള കൃത്യമായ അവബോധം വേണം. ഇതിനായി മികച്ച മാതൃകകൾ ഉണ്ടാക്കണം. ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കാനും ഫലപ്രദമാക്കാനും മാതൃകകൾ സൃഷ്ടിക്കേണ്ടത് ആവശ്യമാണെന്ന് മന്ത്രി കൂട്ടിച്ചേർത്തു.

തിരുവനന്തപുരം കോർപ്പറേഷൻ മേയർ വി വി രാജേഷ് അധ്യക്ഷനായി. കൊച്ചി കോർപ്പറേഷൻ മേയർ വി കെ മിനിമോൾ, ചേംബർ ഓഫ് മുനിസിപ്പൽ ചെയർ പേഴ്സൺ എം പി ജാക്സൺ, അർബൻ ഡയറക്ടർ സൂഫിയാൻ അഹമ്മദ്, നഗരസഭ അധ്യക്ഷർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

എ.ജെ. അലക്സ് റോയ്

അസി. കൃഷി ഓഫീസർ
കൃഷിഭവൻ എലിക്കുളം
ajalexroy@gmail.com
ഫോൺ: 9446275112



ശ്രീ വിളയും ഗോശാല

കേരളത്തിലിന്ന് ഡയറിഫാമുകൾ പൊതുവെ നഷ്ടക്കണക്കുകളുടെ വിളവെടുപ്പു കഥകളാണ് പറഞ്ഞുവരുന്നത്. പശുക്കളുടെ വിലക്കൂടുതൽ, കാലിത്തീറ്റയുടെ അടിക്കടിയുണ്ടാകുന്ന വിലവർദ്ധനവ്, തീറ്റപ്പുല്ലിന്റെ അപര്യാപ്തത, പണിക്കാരുടെ കുറവ്, അധിക കൂലിച്ചെലവ്, അപ്രതീക്ഷിത രോഗങ്ങൾ ഇവയൊക്കെയാണ് പരാജയകഥയിലെ വില്ലന്മാരായി കടന്നുവരിക.

ഇവിടെയാണ് കോട്ടയത്തെ എലിക്കുളം ഗ്രാമപഞ്ചായത്തിലെ മുണ്ടക്കൽ വീട്ടിലെ എം.ജി. ശ്രീജേഷിന്റെ ഡയറിഫാം വിജയകഥകൾ പറയുന്നത്. ശ്രീജേഷും തിരിച്ചടികളിൽ നിന്നാണ് തിരിച്ചറിവുകൾ നേടിയതെന്നു പറയും. ശ്രീജേഷിന് മുപ്പത് കറവപ്പശുക്കളും ആറു പശുക്കിടാക്കളും ഒരു മൂരിയും രണ്ടു മൂരിക്കുട്ടൻമാരുമാണുള്ളത്. കൃത്യമായ പരീക്ഷണ നിരീക്ഷണങ്ങൾക്കൊടുവിലാണ് തന്റെ ഡയറിഫാമിൽ നിന്നും ശരിക്കുള്ള വരുമാനം കണ്ടെത്താൻ ശ്രീജേഷിന് കഴിഞ്ഞത്.

ശാസ്ത്രീയമാകണം ഗോശാല

കാലിത്തൊഴുത്തു നിർമ്മാണം നല്ല കാറ്റും വെളിച്ചവും കിട്ടുന്നിടത്താകണം. ആവശ്യത്തിന് തണൽ മരങ്ങളുടെ കരുതലും ഉണ്ടാകണം. കഴിവതും



> വിലകൂടിയ പശുക്കളുടെ പുറകെ കൂടി നട്ടെല്ലൊടിക്കുന്ന നവ കർഷകരുടെ രീതികളോട് ശ്രീജേഷിന് യോജിപ്പില്ല. ഉരുവിന് ഇച്ചിരി ലുക്കില്ലേലും മിൽക്കുണ്ടായാൽ മതിയെന്നതാണ് കാര്യം.

പശുക്കൂടുകൾ കണ്ട് നല്ലതെന്നു ബോധ്യപ്പെടുന്നവയെ പകർത്താൻ ശ്രമിക്കേണ്ടതുണ്ട്. ഈ രംഗത്ത് പ്രാവീണ്യം സിദ്ധിച്ചവരുടെ അഭിപ്രായങ്ങളും തേടാം. പക്ഷെ ചെലവു പരമാവധി കുറഞ്ഞാവണം നിർമ്മിതി. എല്ലായ്പ്പോഴും കന്നുകാലികൾക്ക് ശുദ്ധമായ കുടിവെള്ളം ലഭിക്കേണ്ടതുണ്ട്. ചാണകവും മൂത്രവും എളുപ്പത്തിൽ നീക്കം ചെയ്യുന്നതിനും കൂട് എല്ലായ്പ്പോഴും ശുചിയായിരിക്കുന്ന തരത്തിലുമാകണം കന്നുകാലിത്തൊഴുത്ത് നിർമ്മിക്കേണ്ടതെന്ന് ശ്രീജേഷിന്റെ പക്ഷം.

വിലയിലല്ല – പാലിലാണ് കാര്യം

വിലകൂടിയ പശുക്കളുടെ പുറകെ കൂടി നട്ടെല്ലൊടിക്കുന്ന നവ കർഷകരുടെ രീതികളോട് ശ്രീജേഷിന് യോജിപ്പില്ല. ഉരുവിന് ഇച്ചിരി ലുക്കില്ലേലും മിൽക്കുണ്ടായാൽ മതിയെന്നതാണ് കാര്യം. അതിന് പശുക്കളെക്കുറിച്ച് കൃത്യമായ ധാരണയും ക്ഷമയും ഉണ്ടാകേണ്ടതുണ്ട്. ഇങ്ങനെ നോക്കിവാങ്ങുന്ന പശുക്കളിൽ ഭൂരിഭാഗവും നല്ല പാലുല്പാദന ക്ഷമത കാണിക്കാറുണ്ടെന്ന് ശ്രീജേഷ് പറയുന്നു. പക്ഷേ തീറ്റയിലും പരിചരണത്തിലും കൃത്യത ഉറപ്പാക്കേണ്ടതുണ്ടെന്ന് മാത്രം.

നാട്ടിലെ തീറ്റകൾക്ക് മുൻഗണന

തീറ്റച്ചെലവും പരമാവധി കുറയ്ക്കേണ്ടതുണ്ട്. എന്നാൽ മാത്രമെ നേക്കിനിൽക്കെ വിലകയറുന്ന പായ്ക്കറ്റ് തീറ്റയുടെ ചെലവ് കുറയ്ക്കാനാകൂ. പ്രാദേശികമായി കിട്ടുന്നവയ്ക്കാകണം മുൻതൂക്കം. കാഞ്ഞിരപ്പള്ളി, മീനച്ചിൽ താലൂക്കുകളിലാകെ ഇന്ന് ഏറ്റവും ലഭ്യമായ കാലിത്തീറ്റയാണ് പൈനാപ്പിൾ ചെടികൾ. മൂന്നുവർഷത്തെ വിളവെടുപ്പിനു ശേഷം വിലയേതുമില്ലാതെ എത്രവേണമെങ്കിലും പൈനാപ്പിൾ ചെടികൾ കിട്ടാനുണ്ട്. പക്ഷേ പറിച്ചെടുക്കണമെന്നു മാത്രം. ഇതാണ് ഗോശാലയിലെ പ്രധാന തീറ്റ. പിന്നെ പറമ്പിലാകെ തീറ്റപ്പുല്ലും വച്ചിട്ടുണ്ട്. ഇങ്ങനെ തീറ്റയുടെ കാര്യം സുസജ്ജമാണ്. കാലിത്തീറ്റയും, അവശ്യം പിണ്ണാക്കുകളും, ധാന്യപ്പൊടികളും, ധാതുലവണ മിശ്രിതവും കൃത്യമായ അനുപാതത്തിൽ ചേർത്തു തയ്യാറാക്കുന്ന കൈത്തീറ്റയും ഉരുവിന്റെ ഭാരവും, നൽകുന്ന പാലും കണക്കാക്കി നൽകും. കൃത്യസമയത്തു തന്നെയാകും തീറ്റകൾ നൽകുക. കുടിവെള്ളം എല്ലായ്പ്പോഴും ഉറപ്പാക്കും. തീറ്റ നന്നായി ദഹിക്കുന്നതിന് പരമാവധി ഇടവേള നൽകുന്നതിന് ശ്രദ്ധവെയ്ക്കും.



ശാസ്ത്രീയമാകണം പരിപാലനം

ഇന്ന് ഉരുക്കൾക്ക് ഇല്ലാത്ത ദീനങ്ങളില്ല. മിക്കവാറും രോഗങ്ങൾക്കും കൃത്യമായ പ്രതിരോധ കുത്തിവെയ്പുകളുമുണ്ട്. ചില ക്ഷീരകർഷകരെങ്കിലും പ്രതിരോധ കുത്തിവെയ്പുകളോട് വിമുഖത കാട്ടാറുണ്ട്. കുത്തിവെയ്പിന് ശേഷം താല്കാലിക മായുണ്ടാകുന്ന പാലിലെ കുറവാണിതിന് കാരണം. എന്നാൽ ശ്രീജേഷിന്റെ പശുക്കളെല്ലാം തന്നെ കൃത്യമായ വാക്സിനേഷന് വിധേയമായവയാണ്.

ഈ രംഗത്തെ ദീർഘനാളത്തെ പരിചയം അത്യാവശ്യ ചികിത്സകളൊക്കെ പഠിപ്പിച്ചിരിക്കുന്നു. കൂടാതെ പ്രഗത്ഭരായ വെറ്റിനറി ഡോക്ടർമാരുടെ സൗഹൃദവലയവുമുണ്ട്. അതിനാൽതന്നെ കണ്ടറിഞ്ഞും കേട്ടറിഞ്ഞുമായി ആർജ്ജിച്ച അറിവുകൾ ചാലിച്ച് അത്യാവശ്യം ചികിത്സകളൊക്കെ തനിയെയാണ് ചെയ്യാറ്. ഇത് ചികിത്സയുടെ കാര്യത്തിലുണ്ടാകുന്ന ചെലവുകൾ നന്നായി കുറയ്ക്കുന്നതിന് സഹായിക്കുന്നുണ്ടെന്നതാണ് കാര്യം.

പൂവാലികൾക്ക് കൂട്ടായി കേശുവും

ശ്രീജേഷിന്റെ മുപ്പതിൽപ്പരം പൂവാലികൾക്ക് കൂട്ടായി കേശുവെന്ന ഒത്തൊരു എച്ച്.എഫ്. മൂരിയും കൂട്ടിലുണ്ട്. മൂരിയുടെ സാന്നിധ്യം പശുക്കളുടെ മദിചക്രം ശരിയ്ക്കാക്കുന്നതിന് സാധിക്കുമെന്ന് ശ്രീജേഷിന്റെ പക്ഷം. ചില പശുക്കളെങ്കിലും പ്രത്യക്ഷത്തിൽ മദി കാണിക്കാതിരിക്കാറുണ്ട്. അവയെയും കാളയുടെ സാമീപ്യത്താൽ തിരിച്ചറിയുന്നതിന് കഴിയും. കൂടാതെ കൃത്യസമയത്ത് ഇണ ചേർക്കുന്നതിന് മൂരിക്കുട്ടൻ കൂട്ടിലുള്ളതിനാൽ സാധിക്കുമെന്നൊരു മെച്ചവുമുണ്ട്. കേശുവിനു പുറമേ ഒന്ന് രണ്ട് ജൂനിയർ കേശുക്കുട്ടൻമാരെയും വളർത്തി വരുന്നുണ്ട്. അവ വളർന്നു വരുന്ന മുറയ്ക്ക് മുതിർന്ന മൂരിയെ നല്ല വില ലഭിക്കുന്ന സമയംനോക്കി വിൽക്കുകയാണ് പതിവ്. പശുക്കൾക്കൊപ്പം മൂരിവളർത്തൽ വലിയ ചെലവില്ലാതെ ചെയ്യാവുന്ന ഒന്നാണെന്ന് ശ്രീജേഷ് പറയും. പുതുകാല മൂരികൾ പണ്ടേപ്പോലെ വലിയ ശല്യം ഉണ്ടാക്കാറില്ലെന്നതും കൈകാര്യം ചെയ്യുന്നത് എളുപ്പമാക്കുന്നു.



വൃത്തിയുടെ കാര്യത്തിൽ കൃത്യത

ഗോശാലയിൽ വൃത്തിയുടെ കാര്യത്തിൽ നൂറ്റിപ്പത്തുശതമാനം കൃത്യത വേണമെന്ന് ശ്രീജേഷ് പറയുന്നു. നേപ്പാളുകാരായ സഞ്ചേഷ് - നബിത ദമ്പതികളാണ് ഗോശാലയിലെ വൃത്തിയുടെ കാര്യത്തിൽ അപാരശ്രദ്ധ പുലർത്തുന്നവർ. കന്നുകാലികളുടെ തീറ്റബാക്കി കോഴിക്കൂട്ടിലേയ്ക്കും കൃഷിയിടത്തിലേയ്ക്കും കൃത്യമായി മാറ്റുന്നു. ചാണകവും മൂത്രവും ബയോഗ്യാസ് പ്ലാന്റിലേയ്ക്കും സംഭരണ കേന്ദ്രത്തിലേയ്ക്കും മാറ്റി തൊഴുത്തും പരിസരവും വൃത്തിയായിത്തന്നെ സൂക്ഷിക്കും.

നറുംപാലിന് നല്ലവില

ഗോശാലയിലെ പശുക്കളിലധികവും ജേഴ്സി, ജേഴ്സി ക്രോസ് ഇനങ്ങളിലുള്ളവയായതിനാൽ നല്ല ഗുണനിലവാരം കാണിക്കുന്നവയാണ്. ആയതിനാൽ തന്നെ തൊഴുത്തിലെത്തി പാൽ വാങ്ങാനെത്തുന്നവർ ഏറെയാണ്. കൂടാതെ ഹോട്ടലുകളും ഇതര സ്ഥാപനങ്ങളിലേയ്ക്കും ഇവിടെ നിന്നും പാൽ വാങ്ങി വരുന്നു. മഞ്ചക്കുഴി ക്ഷീരോല്പാദക സംഘത്തിലാണ് കൂടുതലായും പാൽ നൽകുന്നത്.

യാഥാർത്ഥ്യബോധത്തിലൂന്നി കൃഷിമുറകൾ സ്വീകരിക്കുന്നതിനാലാണ് പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് ശ്രീജേഷിന് ക്ഷീരമേഖലയിൽ വിജയശ്രീലാളിതനാകാൻ കഴിയുന്നത്. കറവയന്ത്രം ഉപയോഗിച്ചുള്ള ശാസ്ത്രീയ കറവരീതി, പ്രഷർ വാഷർ ഉപയോഗിച്ചുള്ള തൊഴുത്തു ശുചീകരണം, ചാഫ്കട്ടുകളുടെ ഉപയോഗം തുടങ്ങി തൊഴുത്തിലെ പണികൾ പരമാവധി ലഘൂകരിക്കുന്നതിന് നല്ല ശ്രദ്ധവെയ്ക്കുന്നുണ്ട്. ശ്രീജേഷിന്റെ ഗോശാല വിജയത്തിന് ഉറച്ച പിന്തുണയുമായി ഭാര്യ ദീപയും മക്കളായ അതുല്യയും ആവണിയും ഇതര കുടുംബാംഗങ്ങളും ഒപ്പമുണ്ട്. എലിക്കുളം ഗ്രാമപഞ്ചായത്ത് കൃഷിഭവൻ കർഷകദിനാചരണത്തോടനുബന്ധിച്ച് മികച്ച ഹൈടെക് ക്ഷീര കർഷകനായി ശ്രീജേഷിനെ ആദരിച്ചിട്ടുണ്ട്. ക്ഷീരരംഗത്ത് തന്റെ അനുഭവങ്ങൾ പങ്കുവെയ്ക്കാൻ ഇദ്ദേഹം സന്നദ്ധനാണ്.

ദയവായി വിളിക്കുക. വാട്സ്അപ് നമ്പർ : 9447571966



> ഗോശാലയിൽ വൃത്തിയുടെ കാര്യത്തിൽ നൂറ്റിപ്പത്തുശതമാനം കൃത്യത വേണമെന്ന് ശ്രീജേഷ് പറയുന്നു. നേപ്പാളുകാരായ സഞ്ചേഷ് - നബിത ദമ്പതികളാണ് ഗോശാലയിലെ വൃത്തിയുടെ കാര്യത്തിൽ അപാരശ്രദ്ധ പുലർത്തുന്നവർ.

THADDESAKAM (MONTHLY) SEPTEMBER 2026
₹30 Annual Subscription ₹300, Published on SEPTEMBER 2026
RNI No. KERMAL/2023/89208
Press Registrar General of India Dated 16/12/2024

LSGD
തദ്ദേശ സ്വയംഭരണ വകുപ്പ്

9446700800

മാലിന്യം വലിച്ചെറിയുന്നത് തെളിവുകളോടെ റിപ്പോർട്ട് ചെയ്യൂ...

ചുമത്തുന്ന പിഴയുടെ നാലിലൊന്ന് പാരിതോഷികം



Printed & published and Owned by Dr. Divya S. Iyer I A S, Principal Director, Directorate of Local Self Government Department of Kerala, Printed at Gramalekshmi Mudralayam, Kalliyoor, Thiruvananthapuram
Published from Principal Directorate, Swaraj Bhavan, Nandancode, Kowdiar P.O., Thiruvananthapuram, Kerala 695 003,
Editor: Deepa K.